
# THE KUDUMBA DEEPAM.


Vol. V.) June 1934. (No. 6.


## വിഷയവിവരം.


1. കുടുംബങ്ങളിലെ രാത്രികാലാരാധന....................... 161.
2. ബത്ലഹമിലെ തിരുത്തൊഴുത്ത്.............................. 171.
3. "പുണ്യപൂരുഷനാൻറണിസ്സ നമസ്കൃതി"..................... 175.
4. എറണാകുളത്തെ ഒരു സായങ്കാലം............................ 176.
5. ഒരു വൃദ്ധൻെറ വിസ്മയം..................................... 182.
6. പൊതുനിയോഗം................................................ 187.
7. വി. മഗ്ദ്ലീത്താമറിയത്തോടു ന. കർത്താവുചെയ്തവാഗ്ദാനങ്ങൾ. 188.
8. ജലജീവിയായ ഒരു ബാലൻ..................................... 189.
9. കുറിപ്പുകൾ...................................................... 190.


As silver is tried by fire and gold in the furnace, so the Lord trieth the hearts.—Prov. 17: 3.

# ലൂർദ്ദിലെ വിശുദ്ധ.

പാവനവും പ്രശംസനീയവുമായ ജീവിതംമൂലം ശാശ്വതമായ യശസ്സു സമ്പാദിച്ചിട്ടുള്ള ഒരു മേഷരക്ഷിണി. അതിവിശിഷ്ടങ്ങളും അനുകരണീയങ്ങളുമായ അനേകം ആദർശങ്ങളുടെ വിളനിലം. കേരളീയരെ ഉദ്ദേശിച്ചു ഭുവനപ്രസിദ്ധയായ ഈ വിശുദ്ധയുടെ ജീവചരിത്രം നല്ല മേനിക്കടലാസിൽ ഭംഗിയായി അടിച്ചു് ഇതാ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

ഒററപ്രതിക്കു വില അര അണ.
പന്ത്രണ്ടിനു് ,, നാലു അണ.

തപാൽക്കൂലി പുറമെ. കുറച്ചുപ്രതികൾ ആവശ്യപ്പെടുന്നവർ സ്റ്റാമ്പു അയച്ചാൽമതി.

മാനേജർ, കുടുംബദീപം.
തേവര, എറണാകുളം.

---

## ഡോക്ടർ നിഷിമൂറ ഡി. എസ്സ്.
# ജാപ്പാനിസ് ദന്തവൈദ്യൻ.
## എറണാകുളം.



പല്ലുസംബന്ധമായ എല്ലാ രോഗങ്ങളും ചികിത്സിച്ചു സുഖപ്പെടുത്തുകയും കൃത്രിമപല്ലുകൾ വെച്ചുകൊടുക്കയും ചെയ്യുന്നു.

---

## കുടുംബദീപം.

മതം, ഗൃഹഭരണം, ആരോഗ്യം മുതലായവയെക്കുറിച്ചു പ്രൌഢലേഖനങ്ങൾ, ഗാനങ്ങൾ, ചെറുകഥകൾ, പ്രഹസനങ്ങൾ, ഫലിതോക്തികൾ, പദ്യങ്ങൾ, കമനീയമായ ഛായാപടങ്ങൾ ഇവയാൽ ഓരോ ലക്കവും ആകർഷണീയമായിരിക്കും. എല്ലാ കത്തോലിക്കാ കുടുംബങ്ങളിലും വരുത്തി വായിക്കേണ്ട ഒരു മാസികാഗ്രന്ഥമാണു കുടുംബദീപം. വരിസംഖ്യ ഒരു കൊല്ലത്തേക്കു മുൻകൂർ ഒരു രൂപാമാത്രം.

ഒരാണ്ടത്തെ വരിസംഖ്യ അയച്ചുതരാതെ അപേക്ഷിക്കുന്നവരെ മാസികയുടെ പുതിയ വരിക്കാരായി ചേർക്കുന്നതല്ല.

തുടർച്ചയായ ലേഖനങ്ങൾ മുഴുവനുംകൂടി ഒന്നായി അയച്ചുതരാത്തപക്ഷം പരിശോധിച്ചു തീർച്ചപ്പെടുത്തുവാൻ സൌകര്യപ്പെടുന്നതല്ലായ്കയാൽ എത്ര ദീർഘലേഖനങ്ങളായാലും ഒന്നായിട്ടു അയച്ചുതരേണ്ടതാണ്.

പ്രസിദ്ധീകരണത്തിനായി അയക്കുന്നവ വ്യക്തമായി കടലാസിൻെറ ഒരുവശത്തുമാത്രം എഴുതിയിരിക്കണം.

പത്രാധിപർ, "കുടുംബദീപം," തേവര.



ഈശോയുടെ എത്രയും പരിശുദ്ധ ഹൃദയമേ, ഞങ്ങളുടെ കുടുംബങ്ങളെ സംരക്ഷിക്കണമെ. (൩൦൦ ദി. ദ. വി)

# കുടുംബദീപം.

പുസ്തകം ൭. } ജൂൺ നമ്പർ { ലക്കം ൬


## കുടുംബങ്ങളിലെ രാത്രികാലാരാധന.

(രാത്രികാലാരാധനാസഖ്യം ഡയറക്ടർ,
റോമൻ കത്തോലിക്ക മിഷ്യൻ, ടുങ്ങ്ഗൊ, ബൎമ്മാ.)

ആയിരത്തിത്തൊള്ളായിരത്തി മുപ്പത്തിഒന്നിൽ ഗോവയിൽ നടത്തിയ ദിവ്യകാരുണ്യകോൺഗ്രസ്സിൽവെച്ച് ഹൈദ്രബാദിലെ വികാരിജനറാളായ റൈററവ് റവ. മൊൺസിഞ്ഞോർ പിസ്സോനി, കുടുംബങ്ങളിൽ നടപ്പാക്കേണ്ട രാത്രികാലാരാധനാസഖ്യത്തിൻെറ സ്ഥാപനം, ഉദ്ദേശം, പ്രവൎത്തനം എന്നിവയെ സംബന്ധിച്ച് പ്രസ്താവിക്കുകയുണ്ടായി. നമ്മുടെ ദിവ്യരക്ഷകന് ഏററവും പ്രീതിജനകവും കത്തോലിക്കൎക്ക് പൊതുവേ പ്രയോജനകരവുമായ ഈ സഖ്യം ഏതാനും കൊല്ലങ്ങൾക്കുമുമ്പാണ് സ്ഥാപിതമായത്. ടുങ്ങ്ഗോയിലെ വികാരി അപ്പോസ്തലിക്കായായ അത്യുന്നത ദിവ്യശ്രീ ഡാക്ടർ വി. ഇ. സാഗ്രഡാ തിരുമനസ്സിലെ അംഗീകരണത്തോടുകൂടി ഈയിടെ ഇതിൻെറ ഒരു ശാഖ ബൎമ്മായിൽ സ്ഥാപിച്ചിട്ടുണ്ടു. ഇതേസംബന്ധിച്ച് ഒരു സാമാന്യ ജ്ഞാനം വിശ്വാസികൾക്കുണ്ടാകുന്നതിനും, അതിൽ അംഗങ്ങളായി അവർ ചേരുന്നതിനുമായി ചില വിവരങ്ങൾ താഴെ ചേൎക്കുന്നു.

### ഗൃഹങ്ങളിലെ രാത്രികാലാരാധന.

ഈ സഖ്യത്തിൽ ചേരുന്നവർ എല്ലാവരും കുടുംബത്തിൽ മാസത്തിലൊരിക്കൽ രാത്രി പത്തുമണിക്കും അഞ്ചുമണിക്കും മദ്ധ്യേ തിരുഹൃദയരൂപത്തിൻ മുമ്പിൽ ഒരു മണിക്കൂർ നേരത്തേയ്ക്കു ദീൎഘിക്കുന്ന ഒരാരാധന നടത്തേണ്ടതാകുന്നു. ഈ ആരാധന വിശുദ്ധ കുൎബാനയുടെ സന്നിധിയിലെന്നതുപോലെ ഭൈ

വസ്സ്നേഹത്തിൻേറയും പശ്ചാത്താപത്തിൻേറയും ചൈതന്യത്തി ലായിരിക്കുകയും വേണം. തിരുഹൃദയഭക്തിയുടെ അധുനാതന പ്രേഷിതനെന്ന അപരനാമത്തിൽ അറിയപ്പെടുന്ന റവ. ഫാദർ മത്തേയൊ ക്രാവ്ലിയാണ് ഏതാനും കൊല്ലങ്ങൾക്കുമുമ്പ് ഇതു സ്ഥാപിച്ചത്. ഈ സഖ്യത്തിന് യൂറോപ്പിലും അമ്മേരിക്കയി ലും ധാരാളം പ്രചാരം സിദ്ധിച്ചിട്ടുണ്ട്. അവിടങ്ങളിലെ വിശ്വാ സികളും പുരോഹിതന്മാരും മററു ദേശങ്ങളിൽ ഇതിനെ പ്രച രിപ്പിക്കുന്നതിന് അതിയായി ആഗ്രഹിക്കുകയും ചെയ്യുന്നു. ഇൻ ഡ്യാ, ബമ്മാ, സിലോൺ എന്നീ പ്രദേശങ്ങളിലും ഇതു പ്രച രിക്കാതിരിക്കുമൊ? സത്യദൈവത്തെ അറിയാതിരിക്കുക മാത്രമ ല്ല, ദൈവദൂഷണംകൂടിപ്പറയുന്ന അനേകായിരം അവിശ്വാസിക ളുടെ ഇടയിൽ നിവസിക്കുന്ന നമ്മൾ ദിവ്യരക്ഷകനോട് കൃത ഘ്നന്മാരായി കാണപ്പെടുമോ?

രാത്രികാലപ്രാൎത്ഥന അവിടുത്തേയ്ക്ക് ഏററവും പ്രിയജന കമായിട്ടുള്ളതാണ്. ഈശോയുടെ തിരുഹൃദയം അവിടുത്തെ പരിശുദ്ധ ദാസിയായ മരിയ റാഫോൾഡ്സ് എന്ന പുണ്യവ തിക്ക് പ്രത്യക്ഷപ്പെട്ട് രാത്രികാലപ്രാൎത്ഥന നടത്തുന്നതിന് അ വളോട് പ്രത്യേകം കല്പിക്കുകയും ചെയ്തു. ഈശോയുടെ തിരുഹൃ ദയത്തിനെതിരായി മനുഷ്യർ നിരന്തരം പ്രവൎത്തിക്കുന്ന തിന്മ കൾക്കും നിന്ദനങ്ങൾക്കും പരിഹാരമായി കാഴ്ച്ചവെക്കുന്നതിന് വൈദികർക്കും ഭക്തരായ വിശ്വാസികൾക്കും ഏററം പററിയ ഒരു ഭക്തകൃത്യമാണിത്.

ഈ പ്രസ്ഥാനത്തെപ്പററി കുടുംബങ്ങളോടും എല്ലാ തിരു ഹൃദയഭക്തന്മാരോടുമായിട്ടു റവ: ഫാ: മത്തേയൊ എസ്. എസ്. സി. സി. ചെയ്യുന്ന ഉദ്ബോധനത്തിൻെറ സാരം ഇവിടെ ഉദ്ധ രിക്കാം. അദ്ദേഹം പറയുന്നു: "നിങ്ങളുടെ കുടുംബങ്ങളുടെ രാജാ വും ദിവ്യസ്നേഹിതനുമായ നമ്മുടെ രക്ഷനാഥൻെറ മഹിമയെ വ ൎദ്ധിപ്പിക്കുന്ന മഹനീയവും സുന്ദരവുമായ ഒരു ഭക്തകൃത്യത്തെപ്പ ററി നിങ്ങളോടു പറയണമെന്ന് വളരെമുമ്പുതന്നെ ഞാൻ വിചാ രിച്ചതാണ്. വിശ്വസ്തരും തീക്ഷ്ണതയുള്ളവരുമായ ബഥനി

വാസികളെ! ഈശോയുടെ തിരുഹൃദയത്തെ ഹൃദയപൂർവ്വം സ്നേഹിക്കുന്നതിന് ആഗ്രഹിക്കുന്ന കുടുംബങ്ങളെ! 'നിത്യരാത്രികാലാരാധന'യെന്ന ഭക്തകൃത്യത്തെ ഞാൻ ഇതാ നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുന്നു. പള്ളികളിൽ വിശുദ്ധ കുർബ്ബാനയുടെ മുമ്പിൽ സ്നേഹത്തിൻേറയും പരിഹാരത്തിൻേറയും അരൂപിയോടുകൂടി എപ്രകാരം ആരാധന നടത്തുന്നുവൊ അതേ ചൈതന്യത്തോടുകൂടി കുടുംബങ്ങളിൽ തിരുഹൃദയരൂപത്തിൻമുമ്പാകെ നടത്തേണ്ടുന്ന ആരാധനയേയാണ് ഈ രാത്രികാലാരാധനകൊണ്ട് നിർദ്ദേശിക്കുന്നതു്. ഞാനല്ലാ നിങ്ങളെ ഇതിന്നായി പ്രേരിപ്പിക്കുന്നതു്. പിന്നയോ ഗദ്സേമിനിയിലെ ദുഃഖപാരവശ്യത്തിൽ തന്നെ ആശ്വസിപ്പിക്കുന്നതിന്നായി ഭക്തകളായ വേറോനിക്കാമാരെയും, ഉദാരമതികളായ മഗ്ദലീത്താമാരെയും, വിശ്വസ്തകളായ മരിയമാരേയും കരുണാപൂർവ്വം ക്ഷണിക്കുന്ന ആ ഈശോതന്നെയാണ്.

"എന്നാൽ ഇതു പ്രവൃത്തിയിൽ കൊണ്ടുവരുന്നതിന് തീർച്ചയായും വിഷമങ്ങൾ നേരിടുമെന്നെനിക്കറിയാം. എങ്കിലും അവ പരിഹരിക്കാൻ പാടില്ലാത്തവയല്ലെന്നാണ് എൻെറ ദൃഢമായ വിശ്വാസം. കുടുംബയോഗങ്ങൾക്കായിട്ടും, അടിയന്തിരങ്ങൾക്കായിട്ടും, ചിലപ്പോൾ കുടുംബാംഗങ്ങളിൽ വല്ലവരുടേയും രോഗപരിചരണത്തിന്നായിട്ടും രാത്രി ഉറക്കമിളക്കേണ്ട ആവശ്യം പലപ്പോഴും നിങ്ങൾക്കു നേരിടുന്നുണ്ടല്ലോ. ഒരു സ്നേഹിതനുവേണ്ടി സ്വമനസ്സാ അല്പം ത്യാഗം സഹിക്കാമെങ്കിൽ—ഒരു രോഗിയെ ശുശ്രൂഷിക്കുന്നതിലുള്ള വിഷമങ്ങൾ സ്വയം വഹിക്കാമെങ്കിൽ — എല്ലായിടത്തും എല്ലാവരാലും പരിത്യക്തനായ ഈശോയ്ക്കുവേണ്ടി ഈ ത്യാഗങ്ങൾ സഹിക്കുവാൻ പാടില്ലെന്നു വരുമോ?

"ഈ ത്യാഗം സഹിക്കുന്നതിനായി കുറച്ചുപേരെ മാത്രമെ കിട്ടിയുള്ളുവെന്നു് വന്നേക്കാം. എന്നാൽ അതിന്നായിട്ടുതന്നെയാണ് ഹൃദയങ്ങളെ അന്വേഷിക്കുന്നവനായ ആ ദിവ്യയാചകൻെറ നാമത്തിൽ നിങ്ങളെ എല്ലാവരേയും ഞാൻ ഹൃദയപൂർവ്വം

ക്ഷണിക്കുന്നത്. ഭക്തിതീക്ഷ്ണതയുള്ള കുടുംബങ്ങളെ! ദൈവസ്നേഹപൂരിതരായ ആത്മാക്കളെ! നിങ്ങൾ ഇതേപ്പററി ദിവ്യസക്രാരിയുടെ മുമ്പിൽനിന്ന് ധ്യാനിച്ചുനോക്കുവിൻ. അവിടെ സന്നിഹിതനായിരിക്കുന്ന ദിവ്യരക്ഷകൻ തൻെറ തിരുഹൃദയം തുറന്നു നിങ്ങളെ കാണിക്കട്ടെ. പിശാചു സിംഹത്തേപ്പോലെ ഗർജ്ജിച്ചുകൊണ്ട് ചുററിനടന്ന് അവൻെറ നരകീയ പ്രേരണയാൽ മനുഷ്യരെ ദുരാഗ്രഹങ്ങളിലേയ്ക്കും തിന്മകളിലേയ്ക്കും നിഷ്ഠൂരുണം താഴ്ത്തുന്ന രാത്രിയിലെ ആ മണിക്കൂറുകളുടെ ഭയങ്കരവും ദയനീയവുമായ ഓമ്മകൊണ്ടു നിങ്ങളുടെ ഹൃദയങ്ങളെ അവിടുന്നു നിറയ്ക്കുയും ചെയ്യട്ടെ. സകലവിധ തിന്മകൾക്കും കാരണമായ നാടകശാലകളിൽ ദിനംപ്രതി രാത്രികാലങ്ങളിൽ നടക്കുന്ന അതിനീചവും നിന്ദ്യവുമായ പ്രവൃത്തികളുടെ ദശ്നമാത്രയിൽ നിങ്ങൾ ഭയവിഹ്വലരാകാറില്ലയോ? നാടകശാലകളിലേയ്ക്കും സിനിമാഹാളിലേക്കും നൃത്തരംഗങ്ങളിലേയ്ക്കും നിങ്ങൾ എത്തിനോക്കുവിൻ. അവിടെ ഓടിക്കൂടുന്ന ജനസംഖ്യയെത്തെ സാദ്ധ്യമെങ്കിൽ എണ്ണുവിൻ. ആധുനികലോകം ആദരിച്ചുപോരുന്ന അക്രൈസ്തവങ്ങളും അശ്ലീലങ്ങളും ആക്ഷേപാർഹങ്ങളുമായ കാഴ്ചകൾ കാണുവാൻ എത്ര ക്രിസ്ത്യാനികൾതന്നെയും ഹാ കഷ്ടം അവിടെ ഓടിയെത്തുന്നു. പ്രിയ ഈശോയെ! ഇതു അവിടുത്തേയ്ക്ക് എത്രയോ ഹൃദയഭേദകമായിട്ടുള്ളതാണ്. ഇതിനിടയിൽ അവിടുന്നു ചമ്മട്ടിയടികൾക്കു അധീനനാകുന്നു.... അവിടുന്നു മരണകരമായവിധം സങ്കടം അനുഭവിക്കുന്നു.... അവിടുന്നു ദിവ്യസക്രാരിയിൽ ഏകാകിയായി വസിക്കയും ചെയ്യുന്നു. ഇങ്ങനെ ലോകത്തിലെവിടേയും ബഹുവിധങ്ങളായ പാപകമ്മങ്ങൾ ദൈനംദിനം പ്രത്യേകിച്ച് രാത്രികാലങ്ങളിൽ നടക്കുമ്പോൾ, ഇവയ്ക്കു പരിഹാരമായി എന്തെങ്കിലും കാര്യമായി പ്രവത്തിക്കുന്നതിനും, തദ്വാരാ നിരവധി പീഡകൾ അനുഭവിക്കുന്നവനായ നമ്മുടെ ദിവ്യരക്ഷകന് ഒരു പരിഹാരബലി സമപ്പിക്കുന്നതിനും നമുക്കു സാധിക്കയില്ലയോ? നമ്മുടെ പരിഹാരപ്രവൃത്തികളേയും സ്നേഹത്തേയും അതിലംഘിക്കുന്നവരുടെ തിന്മക

ളേയും പാപമാൎഗ്ഗങ്ങളേയും അലക്ഷ്യഭാവത്തിൽ നാം വീക്ഷിക്ക യെന്നോ? യൂദാസ് അവിടുത്തെ ഒററിക്കൊടുക്കുന്നതിനായി അ വൻെറ അനുചരന്മാരോടുകൂടി സന്നദ്ധനായി നില്ക്കുന്നു. എന്നാ ൽ അവിടുത്തെ പ്രേഷിതരും ഉററസ്നേഹിതന്മാരുമായ നാം നി ദ്രാധീനരായി അലസരായി കഴിഞ്ഞുകൂടുകയെന്നോ? ഔദാൎയ്യ ബുദ്ധികളും തിരിഞ്ഞെടുക്കപ്പെട്ടവരുമായ ആത്മാക്കളുടെ ഇട യിൽ, രാത്രി പത്തു മണിമുതൽ കാലത്തു അഞ്ചുമണിവരെ ദീ ൎഘിക്കുന്ന ഒരു നിത്യാരാധനാസഖ്യം സ്ഥാപിക്കുക അസാദ്ധ്യമെ ന്നു നിങ്ങൾ വിചാരിക്കുന്നുവോ? എന്നാൽ അനുഭവം ഇതു് ക്ഷിപ്രസാദ്ധ്യമെന്നു് തെളിയിക്കുന്നുണ്ടു്. ഇതത്രെ നമ്മുടെ ദിവ്യ രക്ഷകൻെറ ആഗ്രഹങ്ങളെ നിങ്ങളുടെ മുമ്പിൽ പ്രകാശിപ്പിക്കു ന്നതിനു് എന്നെ പ്രേരിപ്പിക്കുന്നതു്. അതുകൊണ്ടുതന്നെയാണു് പീഡിതഹൃദയനായ ഈശോയുടെ ഉററസ്നേഹിതന്മാരായ നി ങ്ങളുടെ ഹൃദയകവാടത്തിങ്കൽ ഞാൻ മുട്ടുകയും, മാസത്തിലൊ രിക്കൽ രാത്രിയിൽ ഒരു മണിക്കൂർ നേരത്തേയ്ക്കു് ഉറക്കമിളച്ചു് ദിവ്യകാരുണ്യാരാധന നടത്തുകയും പരിഹാരപ്രവൃത്തികൾ സ മൎപ്പിക്കയും, ചെയ്യുന്ന അനുഗൃഹീതസംഘത്തോടു് യോജിക്കുവാ ൻ നിങ്ങളോടു് അഭ്യൎത്ഥിക്കുകയും ചെയ്യുന്നതു്. സ്നേഹംതന്നെ യായിരിക്കുന്ന ആ ദൈവത്തിനുവേണ്ടി മാസത്തിലൊരിക്കൽ —അതുതന്നെയും അവരുടെ വസതികളിൽനിന്നും പുറത്തുപോ കാതെ—ഒരു മണിക്കൂർനേരത്തേയ്ക്കു് രാത്രികാലാരാധന നടത്തു ന്നതു് ഒട്ടും അധികമല്ലതന്നെ. നിസ്സാരങ്ങളും നിന്ദ്യങ്ങളുമായ ലൌകികാവശ്യങ്ങൾക്കായി മനുഷ്യർ അവരുടെ ആരോഗ്യത്തെ അവഗണിച്ചും അവരുടെ മനസ്സാക്ഷിയെ പണയംവെച്ചും എ ത്രയോ മണിക്കൂറുകൾ—രാത്രികൾതന്നെയും—ചെലവഴിക്കുന്നു. ഈ ഭക്തകൃത്യം അനേകം ധൂൎത്തപുത്രന്മാരെ അവരുടെ പിതൃ ഗൃഹങ്ങളിലേയ്ക്കു് പിന്തിരിക്കുമെന്നു് നമുക്കു് ന്യായമായി ആശി ക്കാം. എത്രയോ ആത്മീകാന്ധർ ഇതുവഴിയായി പ്രകാശത്തി ൽ എത്തിച്ചേരാൻ പാടുണ്ടു്. എത്രയോ ആത്മിക തളർവാത ക്കാരെ, ഒരുപക്ഷെ, ഇതു് സുഖപ്പെടുത്തിയേക്കും. അവരവരു

ടെ വീടുകളുടെ ഉള്ളിൽ നിശ്ശബ്ദതയിൽ മാസംതോറും നടത്തുന്ന ഈ ഒരു മണിക്കൂർ ആരാധനയുടെ ഫലമായി എത്രയോ ആത്മാക്കളാണ് പുണ്യപരിപൂർണ്ണതയിൽ എത്തിച്ചേരുന്നതെന്ന് ചിന്തിച്ചുനോക്കുവിൻ. നമ്മുടെ ഈ സ്നേഹപ്രവൃത്തിയും ചെറിയ ത്യാഗവും ഔദാര്യനിധിയായ ഈശോയുടെ തിരുഹൃദയത്തിൽനിന്ന് നമ്മുടെമേൽ സംഖ്യാതീതങ്ങളായ നന്മകളും പ്രസാദവരങ്ങളും ചിന്തുന്നതിന് കാരണമാകാതിരിക്കയില്ലെന്ന് എനിക്ക് ദൃഢമായ വിശ്വാസമുണ്ട്.

"ഇത് ഈശോയുടെ ദിവ്യഹൃദയത്തിൽനിന്നും പൊട്ടിപ്പുറപ്പെട്ട സ്നേഹാസ്രുമോ, അഥവാ ഒരു സ്നേഹനിശ്വാസമോ ആണ്. ഈശോയുടെ തിരുഹൃദയസ്നേഹിതന്മാരെ! അവിടുത്തെ ദിവ്യമായ ഈ ആഗ്രഹത്തോട് സഹകരിക്കയെന്നുള്ളത് നിങ്ങളുടെ ധർമ്മമാണ്. സ്നേഹബന്ധിതനായി സക്രാരിയിൽ വാണരുളുന്ന ദിവ്യരക്ഷകൻ നിങ്ങളുടെ പ്രത്യുത്തരത്തെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നു. അതു നല്കുന്നതിന് നിങ്ങളൊട്ടുംതന്നെ താമസിക്കേണ്ടതില്ല. എന്തുകൊണ്ടെന്നാൽ നിങ്ങളുടെ പ്രാർത്ഥനാവസരങ്ങളിലും, നിങ്ങൾ വി. കുർബ്ബാന സ്വീകരിക്കുമ്പോഴും ആ ദിവ്യരക്ഷകൻതന്നെ നിങ്ങളെ ഇതിനായി പ്രേരിപ്പിക്കും. ആകയാൽ ക്രൈസ്തവകുടുംബങ്ങളെ! പുതിയ ബഥന്യാംഗങ്ങളെ! തിരുഹൃദയഭക്തന്മാരെ! ഈശോയും ഞാനും നിങ്ങളുടെ മറുപടിക്കു വേണ്ടി കാത്തിരിക്കുന്നു. ഏതായാലും ആ അനന്തസ്നേഹബലിയിൽ ഭാഗഭാക്കാകുന്നവരായ നമ്മുടെ സംഖ്യ താമസംവിനാ ലക്ഷോപലക്ഷമായി വർദ്ധിക്കുമെന്നാണ് എൻെറ പൂർണ്ണമായ വിശ്വാസം. എല്ലാദിവസവും രാവിലെ അർപ്പിക്കുന്ന ദിവ്യപൂജയിൽ നിങ്ങളെല്ലാവരേയും ഈശോയുടെ തിരുഹൃദയത്തിന് ഞാൻ കാഴ്ചവെയ്ക്കുന്നതാണ്. അവിടുത്തെ ദിവ്യഹൃദയത്തിൽ നിങ്ങളുടെ പേരുകൾ ലേഖനം ചെയ്യപ്പെടട്ടെ. നിങ്ങളുടെ ഹൃദയത്തിൻെറ ആഗ്രഹങ്ങളെ, അവിടുത്തെ നേർക്കുള്ള സ്നേഹത്താലും മററുള്ളവരുടെ ആത്മരക്ഷമേലുള്ള ശുഷ്കാന്തിയാലും ജാജ്ജ്വല്യമാനങ്ങളായി ദിവ്യസക്രാരിയുടെ മുമ്പിൽ എരിഞ്ഞു കത്തി

ക്കൊണ്ടിരിക്കുന്ന സജീവദീപങ്ങളായി അവിടുന്നു സ്വീകരിക്കുകയും ചെയ്യട്ടെ. ഓ, ഈശോയെ അവിടുത്തെ നാമത്തിൽ ഞാൻ വിതച്ചു. ഇനി അവിടുത്തെ ദിവ്യഹൃദയംതന്നെ നിസ്സീമമായ വിളവെടുത്താലും.”

മിലാനിലെ മെത്രാപ്പോലീത്തായായ കർദ്ദിനാൾ ഇ. ടോസി തിരുമനസ്സുകൊണ്ട് ഈ നിശാരാധനാപ്രസ്ഥാനത്തെപ്പററി പുറപ്പെടുവിച്ചിട്ടുള്ള ഒരനുഗ്രഹസന്ദേശംകൂടി ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ. “പരിശുദ്ധ പിതാവ് ൧൧-ാം പീയൂസ് മാർപ്പാപ്പാ പല പ്രാവശ്യം തീക്ഷ്ണതാപൂർവ്വം ഉദ്ബോധിപ്പിച്ചിട്ടുള്ള ഈ പരിഹാരപ്രവൃത്തിയെ (Reparation) പ്രോത്സാഹിപ്പിക്കുന്നതിനായി സമാരംഭിച്ചിട്ടുള്ള ഈ സഖ്യത്തെ നാം അംഗീകരിക്കയും ആശീർവ്വദിക്കയും ഹൃദയപൂർവ്വം അതിന്റെ പ്രചുരപ്രചാരം ആശംസിക്കയും ചെയ്തുകൊള്ളുന്നു.”

ഈ നിശാരാധനാസഖ്യം സ്ഥാപിതമായിട്ട് രണ്ടുകൊല്ലത്തോളമേ ആയിട്ടുള്ളുവെങ്കിലും ഇതിനിടയിൽ ഇതിലെ അംഗങ്ങളുടെ എണ്ണം ൧൨,൦൦൦ ആണെന്നുള്ളതോർക്കുമ്പോൾ ഫാദർ മത്തെയോ ക്രാവ്ലി വിശ്വാസികൾക്ക് നൽകിയ ഉദ്ബോധനം എത്രമാത്രം വിജയപ്രദമായിത്തീർന്നിട്ടുണ്ടെന്ന് നമുക്കു മനസ്സിലാക്കാവുന്നതാണ്. ഈശോ വി. മാർഗ്ഗരററ് മേരിയോട്ട് ആവശ്യപ്പെട്ടതു് ഒരു മണിക്കൂർ നേരത്തെ ആരാധനയാണ്. എന്നാൽ ഉദാരമതികളായ ഭക്തന്മാർ 'നിത്യരാത്രികാലാരാധന'കൊണ്ടേ തൃപ്തിപ്പെടുന്നുള്ളൂ.

ദണ്ഡവിമോചനങ്ങൾ.

വിശ്വാസികളെ ഈ സഖ്യത്തിൽ ചേരുന്നതിനു പ്രേരിപ്പിക്കുന്നതിനായി പരിശുദ്ധ സിംഹാസനത്തിൽനിന്നും താഴെ കാണുന്ന ദണ്ഡവിമോചനങ്ങൾ അനുവദിച്ചിരിക്കുന്നു.

൧. സഖ്യത്തിൽ ചേരുന്ന ദിവസം ഒരു പൂർണ്ണദണ്ഡവിമോചനം.

൨. നിശ്ചയിച്ചിരിക്കുന്ന ആരാധന കഴിക്കുന്ന ഓരോ ദിവസവും ഓരോ പൂർണ്ണദണ്ഡവിമോചനം.

൩. ക്രിസ്തുവിന്റെ രാജത്വതിരുനാൾ ദിവസവും (ഒക്ടോബർ മാസത്തിലെ അവസാന ഞായറാഴ്ച) വിശുദ്ധ ഫ്രാൻസീസ് അസീസിയുടെ തിരുനാൾ ദിവസവും (ഒക്ടോബർ നാലാം തീയതി) കൂട്ടതലായി ഒരു മണിക്കൂർ ആരാധന നടത്തിയാൽ ഓരോ പൂർണ്ണദണ്ഡവിമോചനം പ്രാപിക്കാവുന്നതാണ്.

൪. മരണസമയത്ത് ഒരു പൂർണ്ണദണ്ഡവിമോചനം. ഇതിനും പുറമേ, 'ക്രിസ്തുരാജൻ വാഴ്ത്തപ്പെട്ടവനാകട്ടെ' എന്ന സുകൃതജപം ചൊല്ലുന്ന ഓരോ പ്രാവശ്യവും മുന്നൂറുദിവസത്തെ ദണ്ഡവിമോചനം ലഭിക്കുന്നതാണ്.

പൂർണ്ണദണ്ഡവിമോചനം പ്രാപിക്കുന്നതിന് ചെയ്യേണ്ട കാര്യങ്ങൾ.

൧. ദണ്ഡവിമോചനം പ്രാപിക്കുന്നതിനുമുമ്പ് എട്ടുദിവസത്തിനുള്ളിലോ അഥവാ ആ ദിവസം കഴിഞ്ഞു എട്ടുദിവസങ്ങൾക്കകമോ കുമ്പസ്സാരം കഴിച്ചിരിക്കണം. പ്രതിദിന ദിവ്യകാരുണ്യസ്വീകരണം നടത്തുന്നവർ ഇതിന്നായി പ്രത്യേകം കുമ്പസ്സാരിക്കണമെന്നില്ല.

൨. ദണ്ഡവിമോചനം പ്രാപിക്കുന്ന ദിവസമോ, അതിനു തലേ ദിവസമോ അഥവാ ആ ദിവസം കഴിഞ്ഞുവരുന്ന എട്ടു ദിവസങ്ങൾക്കകമോ വിശുദ്ധ കുർബ്ബാന ഉൾക്കൊള്ളണം.

൩. മാർപ്പാപ്പായുടെ നിയോഗങ്ങൾക്കായി ൧ ആ. ൧ നന്മ: ൧ ത്രിത്വ: ചൊല്ലണം.

ഈ മിഷ്യൻ പ്രദേശങ്ങളിലും ഈ ആരാധനാസഖ്യം സ്ഥാപിക്കുന്നതിനാണ് ഇപ്പോഴത്തെ ഉദ്യമം. രാത്രിയുടെ അഗാധത്തിൽ ഭക്തിതീക്ഷ്ണതയുള്ള നിരവധി ആത്മാക്കളുടെ ഹൃദയവേദികളിൽനിന്നും ദൈവത്തിൻ പക്കലേയ്ക്കു് നിരർഗ്ഗളം നിർഗ്ഗമിക്കുന്ന പ്രാർത്ഥനാഗീതികൾ തീർച്ചയായും ഈശോയുടെ തിരുഹൃദയത്തിൽനിന്നും ഒരനുഗ്രഹമാരി ചൊരിയിച്ച് അനേക പാപികളുടേയും അവിശ്വാസികളുടേയും മാനസാന്തരത്തിനു കാരണമാകാതിരിക്കയില്ല. പത്തു നീതിമാന്മാരുടെ സാന്നിദ്ധ്യം, സോദോം ഗോമോറാ എന്ന പട്ടണങ്ങളെ ദൈവകോപത്തിൽ നിന്നു രക്ഷിക്കുന്നതിനു ശക്തമായിരുന്നുവെങ്കിൽ ഈശോയുടെ

അനന്ത മാദ്ധ്യസ്ഥ്യത്തോടു യോജിച്ചുകൊണ്ട് പ്രാൎത്ഥിക്കുന്നവരും പരിഹാരപ്രവൃത്തികൾക്കായി സ്വയം പ്രതിഷ്ഠിച്ചിരിക്കുന്നവരുമായി ഈ സഖ്യത്തിൽപ്പെട്ട അനേകരുടെ പ്രാൎത്ഥന, നാനാവിധ ആപൽസന്ധികളിൽപ്പെട്ട് നട്ടംതിരിയുന്ന ആധുനിക ലോകത്തിൽ സമാധാനം സ്ഥാപിക്കുന്നതിനും അനേകരുടെ ആത്മരക്ഷയെ സാധിക്കുന്നതിനും ആവശ്യമായ അനുഗ്രഹങ്ങൾ ദൈവത്തിൽനിന്നു പ്രാപിക്കുന്നതിന് എത്രയോ കൂടുതൽ ശക്തിയുള്ളതായിരിക്കും.

പരിഹാരപ്രവൃത്തികൾ ചെയ്യുന്നവരായ ഭക്തന്മാരെ, ഈ ക്ഷണം നിങ്ങൾ സ്വീകരിപ്പാൻ പീഡിതമായ ഈശോയുടെ ദിവ്യഹൃദയം നിങ്ങളോട് അഭ്യൎത്ഥിക്കുന്നു. ഗത്സെമിനിലെ അവിടുത്തെ ദുഃഖപാരവശ്യത്തിൽ നിങ്ങളെ അവിടുന്ന് വിളിക്കുന്നു. കൃതഘ്നരായ അനേകരുടെ നന്ദികേടിനെ നിങ്ങൾ പരിഹരിപ്പിൻ. ദൈവദൂതസമാനരായ ആത്മാക്കളെ, സകലരാലും ഉപേക്ഷിക്കപ്പെട്ടവനായ ഈ ദിവ്യരാജനെ ആശ്വസിപ്പിക്കുന്നതിനായി നിങ്ങൾ വരുവിൻ. “ഒരു ദൈവദൂതൻ പ്രത്യക്ഷപ്പെട്ട് അവിടുത്തെ ആശ്വസിപ്പിച്ചു.” (ലൂക്കാ ൨൨. ൪൩) എന്നു പറയത്തക്കവണ്ണം എല്ലാ ഇടവകകളിലും എല്ലാ രാത്രികാലങ്ങളിലും ആരാധകന്മാർ ഉണ്ടാകട്ടെ. ഈ രാത്രികാലാരാധന വഴിയായി ഈശോയ്ക്കുവേണ്ടി ചെയ്തവയുടെയെല്ലാം പ്രതിഫലം നിങ്ങളുടെ മരണസമയത്തിൽ നിങ്ങൾക്ക് അനുഭവപ്പെടുകയും ചെയ്യും.

ചില സൂചനകൾ:

൧. മുടക്കം വരുത്താതെ തുടൎച്ചയായി ഈ ആരാധന നടത്തേണ്ടതാകയാൽ ഓരോരുത്തരും അവരവരുടെ ആരാധനാസഖ്യത്തിൻെറ ഡയറക്ടർ നിശ്ചയിക്കുന്ന തീയതിയിൽ നിശ്ചിത മണിക്കൂറിൽ നടത്തേണ്ടതാണ്. തക്കതായിട്ടുള്ള കാരണങ്ങളുണ്ടായിരുന്നാൽ പത്തിനും അഞ്ചിനും മദ്ധ്യേ സൌകൎയ്യംപോലെ ഒരു മണിക്കൂർ തെരഞ്ഞെടുക്കുന്നതിന് അംഗങ്ങളെ അനുവദിക്കാവുന്നതാകുന്നു.

൨. രാത്രിമുഴുവനും ആരാധന നടത്താൻ മാത്രം അംഗങ്ങ

ളുള്ള കുടുംബങ്ങൾ ഒരു പ്രത്യേകദിവസം തെരിഞ്ഞെടുത്തു് അവരിൽതന്നെ ഓരോരുത്തരുടേയും സമയം നിശ്ചയിച്ച രാത്രി മുഴുവനും തുടച്ചയായി ആരാധന നടത്തണം. അംഗങ്ങൾ കുറവായിട്ടുള്ള കുടുംബങ്ങൾ അവക്കു് എത്ര മണിക്കൂർ സമയത്തേയ്ക്കു് തുടച്ചയായി ആരാധന നടത്താൻ സാധിക്കുമോ അത്രയും സമയം തുടച്ചയായി ഓരോരുത്തർ ആരാധന നടത്തട്ടെ. ഒന്നിലധികം മണിക്കൂർസമയത്തേയ്ക്കു് ആരാധന കഴിപ്പാൻ സാധിക്കാത്ത കുടുംബങ്ങൾ ഒരു മണിക്കൂർ നിശ്ചയിച്ചു് കുടുംബാംഗങ്ങളെല്ലാം ഒരുമിച്ചുകൂടി ആരാധിക്കട്ടെ. ഓരോരുത്തരും എപ്രകാരം തെരിഞ്ഞെടുത്തുവെന്നുള്ള വിവരം ഇതിന്റെ ഡയറക്ടരെ അറിയിക്കേണ്ടതാണു്.

൩. ഓരോരുത്തക്കും ആരാധനയ്ക്കായി നിശ്ചയിച്ചിരിക്കുന്ന തീയതിയും മണിക്കൂറും അവർ അംഗീകരിച്ചുവെന്നുള്ള വിവരത്തിനു് അവർ ഡയറക്ടക്കു് എഴുതി അയക്കേണ്ടതും, അവരവരുടെ പൂണ്ണമേൽവിലാസംകൂടി കാണിച്ചിരിക്കേണ്ടതുമാണു്. നിശ്ചിതസമയത്തു് തങ്ങൾ പ്രസ്തുത കൃത്യം നടത്തുന്നുവെന്നുള്ള വിവരം കത്തുമൂലം ഡയറക്ടരെ പ്രതിവഷം അറിയിക്കേണ്ടതാണു്.

൪. ആരാധനാ മണിക്കൂർ കഴിക്കുന്നതിനു പ്രത്യേക പ്രാത്ഥനകളൊന്നും വ്യവസ്ഥാപിച്ചിട്ടില്ല. ആരാധനാസമയത്തു് കൊന്തനമസ്കാരം, തിരുഹൃദയ ലുത്തനിയ, പ്രതിഷ്ഠാപ്രകരണം, പരിഹാരപ്രകരണം തുടങ്ങിയ പ്രാത്ഥനകൾ ചൊല്ലാവുന്നതാണു്. രാത്രികാലാരാധനയ്ക്കായി വിരചിതമായിരിക്കുന്ന പുസ്തകങ്ങൾ ഉപയോഗിക്കുന്നതു് ആശാസ്യമായിരിക്കും. "വാഴ്ത്തപ്പെട്ട ജെമ്മാഗൽഗാനി ഉപയോഗിച്ചുവന്ന തിരുമണിക്കൂർ" എന്ന പുസ്തകം (ഇതു ഇംഗ്ലീഷിലാണു്) തപാൽ കൂലി ഉൾപ്പെടെ പ്രതി ഒന്നിനു് രണ്ടണപ്രകാരം Central Direction, Toungoo, Burma വിലാസത്തിൽ ആവശ്യപ്പെട്ടാൽ കിട്ടുന്നതാണു്. പരിഭാഷ തയ്യാറാകുമ്പോൾ അതെപ്പററി യഥാവസരം പരസ്യപ്പെടുത്തുന്നതുമായിരിക്കും.

൫. ഈ സഖ്യത്തിന്റെ നിയമങ്ങൾ ഒന്നുംതന്നെ ദോഷ

ത്തിൻകീഴ് കടപ്പെട്ടതല്ലപ്പെട്ടവയല്ല. ഇതു് സ്നേഹാരൂപിയാൽ പ്രേരിതരായി ചെയ്യേണ്ട ഒരു ഭക്തകൃത്യമാണ്. എങ്കിലും അംഗങ്ങൾ അവരുടെ വാഗ്ദാനങ്ങൾ വിശ്വസ്തതയോടും തീക്ഷ്ണതയോടുംകൂടി നിവ്വഹിക്കുമെന്നു പ്രതീക്ഷിക്കുന്നു.

൩. ഇതിൽ ചേരുന്നതിനാഗ്രഹിക്കുന്നവർ അവരുടെ അപേക്ഷകൾ Director of the Leauge of Nocturnal Adorers, Rom. Cath. Mission, Toungoo, Burma എന്ന മേൽവിലാസത്തിൽ അയച്ചുകൊടുക്കേണ്ടതാണ്. അവിടെനിന്നും ഡയറക്ടർ അംഗങ്ങളുടെ പേരുകൾ ഇററലിയിലുള്ള സെണ്ടറിലേയ്ക്കു് അയച്ചുകൊടുക്കുന്നതുമായിരിക്കും.

൪. അ. ഈ സഖ്യത്തിന്റെ പ്രോത്സാഹകന്മാരായി (Promoters) വളരെപ്പേരെ ആവശ്യമുണ്ട്. അവർ ഡയറക്ടരാൽ നിയമിക്കപ്പെട്ടവരായിരിക്കണം. പുതിയ അംഗങ്ങളെ ചേൎത്തു പേരുകൾ ഡയറക്ടർക്ക് അയച്ചുകൊടുക്കുന്നവർതന്നെയായിരിക്കും ഈ പ്രോത്സാഹകന്മാർ. കഴിവുപോലെ പുതിയ അംഗങ്ങളെ ചേർക്കുക. അംഗങ്ങൾ വിശ്വസ്തതയോടുകൂടി അവരുടെ കൃത്യം നിവ്വഹിക്കുന്നതിന് അവരെ പ്രോത്സാഹിപ്പിക്കുക. ചിലപ്പോൾ സഖ്യം സംബന്ധിച്ചു ഡയറക്ടർ അംഗങ്ങൾക്കയച്ചുകൊടുക്കുന്ന ലഘുലേഖകളും ചെറുപുസ്തകങ്ങളും അവരുടെ ഇടയിൽ വിതരണം ചെയ്യുക മുതലായവയായിരിക്കും ഇവരുടെ ചുമതല. ഈ മഹൽകൃത്യത്തിന്നായി സ്വയം സമപ്പിക്കാൻ സന്നദ്ധരായ ധാരാളംപേരെ ലഭിക്കുമെന്നു വിശ്വസിക്കുന്നു.

## ബത്ലഹമിലെ തിരുത്തൊഴുത്തു്.

(ശ്രീമാൻ ആൻറണി കോയിത്തറ ബി. ഏ.)

ലോകമാസകലം ആനന്ദത്തിലാറാടുന്നതിന്നിടയാക്കിയ ഒരു പവിത്ര സംഭവമാണ് യേശുക്രിസ്തുവിന്റെ ജനനം. യേശു ജനിച്ചതു് ബത്ലഹമിലെ ഒരു ഗുഹയിലായിരുന്നു. പാവനതമ

ങ്ങളായ ക്രിസ്തീയ പഠനങ്ങളെ പഴിക്കുന്നതിന്നു ആധുനിക പരിഷ്ക്കാരത്തിന്റെ പേക്കൂത്തിലകപ്പെട്ടു വട്ടം കറങ്ങുന്ന പലരും പലപ്പോഴും നിഷ്ഫലം യത്നിക്കാറുണ്ട്. പക്ഷെ അവരാരുംതന്നെ ക്രിസ്തുവിന്റെ ജനനത്തെയൊ ജനനസ്ഥലത്തെയൊ നാഷേധിക്കുന്നതിന്നുമാത്രം മുതിൎന്നിട്ടില്ല. അത്രമാത്രം വ്യക്തമായിട്ടാണ് ചരിത്രലക്ഷ്യങ്ങൾ പ്രസ്തുത സംഭവത്തെ തെളിയിക്കുന്നതു്.

വേദപുസ്തകത്തിൽ മിശിഹായുടെ ജനനത്തിന്നുമുമ്പായിട്ടു തന്നെ ബത്'ലഹം പലപ്പോഴും പ്രസ്താവിതമായിട്ടുണ്ടു്. ബഞ്ചമിന്റെ ജനനശേഷം റാക്കേൽ മരിച്ചതു് ബത്'ലഹമിന്നു സമീപസ്ഥമായ ഒരു വഴിയരികിൽവെച്ചായിരുന്നു. റൂത്തിന്റെ ചരിത്രത്തിലെ വിവിധസംഭവങ്ങളും നടന്നതു ബത്'ലഹമിലത്രെ. റൂത്തിന്റെ കുടുംബപരമ്പരയിൽ ജാതനായ ദാവീദു രാജാവിന്റെ സ്വദേശവും ബത്'ലഹംതന്നെയാണ്. വിശ്ശുദ്ധ യൌസേപ്പും പരിശുദ്ധ കന്യാസ്ത്രീമറിയവും ഈ ദാവീദു രാജാവിന്റെ താവഴിയിൽപ്പെട്ടവരായിരുന്നു.

റോമാ സാമ്രാജ്യത്തിലെ ജനസംഖ്യ എടുക്കുന്നതിന്നുണ്ടായ അഗസ്റ്റസ് ചക്രവൎത്തിയുടെ കല്പനയാണ് വി. യൌസേപ്പിനേയും കന്യകമറിയത്തേയും ബത്'ലഹമിലേക്കാനയിച്ചതു്. പ്രസ്തുതകല്പനയുടെ ഒരു പ്രതി കരിങ്കല്ലിന്മേൽ കൊത്തിയതു് ആറേഴു കൊല്ലങ്ങൾക്കുമുമ്പു് ആൻഗോറാ എന്ന സ്ഥലത്തു നിന്നു കണ്ടുകിട്ടുകയുണ്ടായി.

ബഹുലമായ ജനപ്രവാഹം ബത്'ലഹമിലേക്കുണ്ടായതിനാൽ ആ നഗരിയിലെ ചെറു സത്രത്തിൽ യാത്രക്കാർ നിറഞ്ഞു. തന്മൂലമത്രെ ദിവ്യ രക്ഷകൻ ഒരു തൊഴുക്കൂട്ടിൽ പിറക്കുവാനിടയായതു്. അക്കാലങ്ങളിൽ ആടുമാടുകളുടെ തൊഴുത്തുകളായി ഉപയോഗിച്ചിരുന്നതു് ഗുഹകളായിരുന്നു. ഇത്തരം ഗുഹാതൊഴുത്തുകൾ ബത്'ലഹമിൽ ഇപ്പോഴും ധാരാളമുണ്ടു്.

ഈശോയുടെ ജനനസ്ഥലത്തെപ്പററി ചിത്രകാരന്മാരുടെയിടയിൽ പൊതുവായൊരു തെററിദ്ധാരണയുണ്ടു്. ചിത്രങ്ങളിൽ കാണുംവിധം വാരിയും കഴുക്കോലും ഇട്ടുകെട്ടിയ ഒരു മേൽ

ക്കൂട് യേശുനാഥൻ ജനിച്ച തൊഴുക്കൂടിന്നുണ്ടായിരുന്നില്ല. കൂടാതേയും പല ചിത്രകാരന്മാരുടേയും ഭാവനാശക്തിയിൽ പ്രത്യക്ഷപ്പെടുന്നപോലെ മനോമോഹനങ്ങളായ പുഷ്പാവലികൾ പ്രസ്തുത സ്ഥലത്തെ ശോഭായമാനമാക്കിയുമില്ല. ബത്ലഹേമിൽ മഞ്ഞുകാലത്തെ തണുപ്പ് അതികഠിനമാണ്. പലസ്ഥലങ്ങളിലും കട്ടിയായ മഞ്ഞു ഉരുകാതെ ഒന്നുരണ്ടാഴ്ചയോളം കിടക്കും. ആകയാൽ മഞ്ഞുകാലം കഴിയാതെ ബത്ലഹേമിൽ പുഷ്പങ്ങൾ വിരിയുന്നില്ല. മഞ്ഞുകാലത്തിൻെറ ശക്തി ഫെബ്രുവരിമാസംവരെ ദീർഘിക്കകയും ചെയ്യും.

ക്രിസ്തുവിൻെറ കുരിശാരോഹണാനന്തരം ൧൦ വത്സരങ്ങൾ കഴിഞ്ഞപ്പോൾ ക്രിസ്തുമതവിരോധിയായിരുന്ന 'ഹദ്രിയാൻ' ചക്രവർത്തി ബത്ലഹേമിൽ റോമാദേവന്മാൎക്കായി ഒരു ആരാധനസ്ഥലം പണിചെയ്തു. മിശിഹാ പിറന്ന ഗുഹയുടെ നേരെ മുകളിലായിരുന്നു ഈ ആരാധന സ്ഥലം നിൎമ്മിതമായിരുന്നത്. ക്രിസ്തുഭക്തന്മാർ ഗുഹകളിലണഞ്ഞു പ്രാൎത്ഥിച്ചിരുന്ന പതിവ് തടയണമെന്നായിരുന്നു ആ ക്രൂര ചക്രവൎത്തിയുടെ ആഗ്രഹം. പക്ഷെ ഏതു മനുഷ്യനാണ് ദൈവഹിതം തടയുവാൻ സാദ്ധ്യമാവുക? ഹദ്രിയാൻെറ കുടിലോദ്ദേശങ്ങൾ ഒട്ടുംതന്നെ ഫലിച്ചില്ല. ഉദ്ദേശം ൨൦൦ കൊല്ലങ്ങൾക്കുശേഷം ഭാഗ്യവതിയായ ഹെലീനാചക്രവൎത്തിനിയുടേയും ആ സാധ്വിയുടെ പുത്രൻ കോൺസ്റ്റൈൻറൻ ചക്രവൎത്തിയുടേയും ശ്രമഫലമായി അതിമനോഹരമായ ഒരു 'ബസീലിക്കാ' പ്രസ്തുത ഗുഹയുടെ ഉപരിഭാഗത്തു സ്ഥാപിതമായി. പണി തീൎന്നകാലംമുതൽ മുടക്കം കൂടാതെ ഉപയോഗിക്കപ്പെട്ടിട്ടുള്ള ലോകത്തിലെ ഏററവും പുരാതനമായ ദേവാലയം ഇതത്രെ.

പേൎഷ്യാക്കാർ പലസ്തീനായും പരിസരപ്രദേശങ്ങളും ആക്രമിച്ചു. ജെരുസലേമും ബത്ലഹേമും അവർ കൊള്ളചെയ്തു. കെട്ടിടങ്ങളെല്ലാം അവർ തവിടുപൊടിയാക്കി. തദവസരത്തിൽ ഈ ദേവാലയത്തെ അവർ നശിപ്പിച്ചില്ല. ഉണ്ണിമിശിഹായെ വന്ദിച്ച മൂന്നു രാജാക്കന്മാരിൽ ഒരുവൻ പേൎഷ്യാക്കാരനായിരുന്നു എ

ന്നുള്ള അവരുടെ വിശ്വാസമായിരുന്നു ഇതിന്നു കാരണം. ഇപ്രകാരംതന്നെ മുഹമ്മദീയർ പലസ്തീന കീഴടക്കിയകാലത്തും ദൈവപരിപാലനയുടെ അത്ഭുതാവഹമായ ശക്തി ഈ ദേവാലയത്തെ സംരക്ഷിച്ചു. മുഹമ്മദീയ ഭരണാധികാരിയായ ഓമാർ കാലിഫിന്നു ഈ പള്ളിയുടെ നേരെ അതിഭക്തിയുണ്ടായിരുന്നു. അയാൾക്ക് ദേവാലയത്തിൽ പ്രാർത്ഥിക്കുന്നതിന്നുപോലും സമ്മതമില്ലായിരുന്നു. അയാളുടെ സൈനികന്മാരും അപ്രകാരം പ്രാർത്ഥിക്കുകയും അതഃപരം ഗുഹയും ദേവാലയവും സ്വാധികാരത്തിൻകീഴ് വെക്കുന്നതിന്ന് അവർ വാഞ്ഛിക്കുകയും ചെയ്യേക്കുമെന്നുള്ള അയാളുടെ ഭയമായിരുന്നു ഈ വൈമനസ്യത്തെ ഉളവാക്കിയത്.

മനോഹരതയാൽ അഗ്രിമസ്ഥാനത്തെ അർഹിക്കുന്ന ലോകത്തിലെ ചുരുക്കം ചില ദേവാലയങ്ങളിൽ ഒന്ന് ഈ ബസീലിക്കായാണ്. ഭിത്തികളെ അലങ്കരിക്കുന്ന രമണീയങ്ങളായ തിരശീലകളും ലംബമാനങ്ങളായ നിരവധി ദീപങ്ങളുടെ വിവിധ വർണ്ണങ്ങളും അദ്വിതീയമായ ശില്പവൈചിത്ര്യത്തെ പ്രസ്പഷ്ടമാക്കുന്ന കമനീയ പ്രതിമകളും ദേവാലയാന്തർഭാഗത്തെ ജാജ്വല്യമാനമാക്കിയിരിക്കുന്നു. വെള്ളികൊണ്ടു നിർമ്മിതമായ ഒരു വലിയ നക്ഷത്രംകൊണ്ടു് മിശിഹാ പിറന്ന സ്ഥലത്തെ നിലത്തു് അടയാളപ്പെടുത്തിയിട്ടുണ്ടു്. ശിശുക്കളുടെ വസ്ത്രങ്ങൾ അവരെ ധരിപ്പിക്കുന്നതിന്ന് മുമ്പായി, ഭക്തിയും വിശ്വാസവും തികഞ്ഞ തള്ളമാർ ഈ പള്ളിയിൽ കൊണ്ടുവന്നു ദിവ്യ ഉണ്ണിയുടെ ജനനസ്ഥലത്തു് ഭക്തിപുരസ്സരം തൊടുവിക്കാറുണ്ടു്. 1842 - ൽ ഗ്രീക്കറീത്തുകാരും ലത്തീൻറീത്തുകാരുമായുണ്ടായ ഒരു തർക്കം ഹേതുവായി മേൽക്കൂര മുട്ടുന്ന ഒരു ചുമരുകൊണ്ടു് പള്ളി രണ്ടായി ഭാഗിക്കപ്പെട്ടു. ഈ ഭിത്തി നീക്കംചെയ്തതു പലസ്തീന ഇംഗ്ലീഷധികാരത്തിൻകീഴ് വന്ന ശേഷമാണ്. സാധാരണയായി ദേവാലയവും പരിസരപ്രദേശങ്ങളും പ്രശാന്തമായ നിശ്ശബ്ദതയിൽ ലയിച്ചിരിക്കുമെങ്കിലും ക്രിസ്തുമസ്സ്കാലത്തു് ആ മട്ടെല്ലാം മാറിപ്പോകും. പലസ്തീനായിലും അയൽപ്രദേശങ്ങളിലുംനിന്ന് ക്രിസ്ത്യാനി

കളായ അറബികൾ ക്രിസ്തുവിൻെറ ജനനസ്ഥലത്തു് കൂട്ടംകൂട്ടമായി ഓടിക്കൂടുന്നു. അവരുടെ ആഹ്ളാദത്തിന്നതിരില്ല. "ക്രിസ്തുമസ്സ് തിരുനാൾ നമ്മുടേതാണ്. ക്രിസ്തു ബത്ലഹമിലത്രെ ജാതനായതു" - എന്നാണ് അവരുടെ ഭാവം.

## "പുണ്യപൂരുഷനാൻറണിയ്ക്കു നമസ്കൃതി"

(ശ്രീമാൻ ആൻറണി തൊകലത്ത്.)

അത്ഭുതാവഹവൃത്തികൊണ്ടു ധരാതലേ മഹനീയമാം
ചിൽപ്രഭാവമുയർത്തി, ദേവകൃപാനിരസ്കൃവകാശിയായ്;
നിത്യമോക്ഷസുഖം വരിച്ച മഹാശയൻ, മമനാമകൻ,
പാദുവാപ്പതി, പുണ്യപൂരുഷ, നാൻണിയ്ക്കു നമസ്കൃതി. 1.

ദൈവനാമമനാരതം ഭയഭക്തിയോടുരുവിട്ടുകൊ-
ണ്ടജ്ഞരായ ജനാവലിക്കു വിശേഷബുദ്ധി കൊടുത്തവൻ,
നൽപ്രസംഗസുധാപ്രവാഹമുയന്നിട്ടും രസനായുതൻ
പാദുവാപ്പതി, പുണ്യപൂരുഷ, നാൻറണിയ്ക്കു നമസ്കൃതി. 2.

താഴ്മയും, പരിശുദ്ധിയും, ക്ഷമയും, വിവേകവു, മാർദ്ദമാം
ഏറ്റു, മുത്തമകൃത്യബോധവുമൊത്തസാധു, ബുധീവരൻ,
ലൌകികങ്ങളശേഷവും ഗണനീയമെന്നു കരുതാഞ്ഞവൻ,
പാദുവാപ്പതി, പുണ്യപൂരുഷ, നാൻറണിയ്ക്കു നമസ്കൃതി. 3.

സർവ്വശക്തികളും തികഞ്ഞ പരാപരൻെറ ഗുണങ്ങളേ
ബുദ്ധിയുള്ള നരാളി കേൾപ്പതിനായ് മടിച്ചതു കാംക്ഷയാൽ
മത്സ്യരാജിയൊടായതൊക്കെയുരച്ചു മാതൃക കാട്ടിയോൻ,
പാദുവാപ്പതി, പുണ്യപൂരുഷ, നാൻറണിയ്ക്കു നമസ്കൃതി. 4.

മാതൃകാപരമായ ജീവിതരീതികൊണ്ടു മഹീതലം,
മാതൃകാപരമാക്കിയോരു തപസ്വിയാം മഹിതാശയൻ
മന്ദബുദ്ധികളായവർക്കു സഹായമായ ദയാന്വിതൻ,
പാദുവാപ്പതി, പുണ്യപൂരുഷ, നാൻറണിയ്ക്കു നമസ്കൃതി. 5.

വ്യാധിബാധിതരായവക്കു സുഖപ്രദായകനായവൻ,
ഖേദമാന്നു വസിപ്പവക്കതിമോദദൻ, പരിപാവനൻ,
പാപരോഗികളായവക്കു ഭിഷഗ്വരസ്ഥിതിയാന്നവൻ,
പാദുവാപ്പതി, പുണ്യപൂരുഷ, നാൻറണിപ്പു നമസ്കൃതി. 6.

നഷ്ടമായതു ലാഭമാക്കുവതിന്നു മാൎഗ്ഗമറിഞ്ഞവൻ,
ക്രിസ്തുനാഥനെ ഭൂവിൽവെച്ചു തെളിഞ്ഞു കണ്ടു സുഖിച്ചവൻ,
പ്രാൎത്ഥനക്കു ഫലംനിറഞ്ഞ മനസ്വി, വന്ദ്യപുരോഹിതൻ,
പാദുവാപ്പതി, പുണ്യപൂരുഷ, നാൻറണിപ്പു നമസ്കൃതി. 7.

ത്യാഗബുദ്ധി വിളഞ്ഞതാം വിളഭൂമി, ദൈവികമാം മഹാ
സ്നേഹദപ്പണ, മാശ്രിതക്കഭിലാഷസിദ്ധിയിതേവിധം
സ്തുത്യമാം പല നാമമാന്നു സഭക്കു കീൎത്തി വളൎത്തവൻ
പാദുവാപ്പതി, പുണ്യപൂരുഷ, നാൻറണിപ്പു നമസ്കൃതി. 8.

ക്ഷേമമററു ധരാതലം വലയുന്നു, മാൎഗ്ഗമശേഷവും
തെററി മൎത്ത്യഗണം ഗമിപ്പു, വിനീതിയും കെടിയുന്നഹോ !
ലോകരക്ഷകനോടിതൊക്കെയുണൎത്തി നന്മ വളൎത്തുവോൻ
പാദുവാപ്പതി, പുണ്യപൂരുഷ, നാൻറണിപ്പു നമസ്കൃതി. 9.

'യുക്തി'യാൽ മലയാളവും വഷളാക്കിടാൻ ചില കൂട്ടുകാർ
ശക്തിപൂണ്ടു പരിശ്രമിപ്പു വിശുദ്ധനായ മഹാമതെ !
അയവക്കും വെളിച്ചമേകുവതിന്നു ശക്തിയെഴുന്ന നീ
പാദുവാപ്പതി, പുണ്യപൂരുഷ ! ഭവ്യമേകുക സാമ്പ്രതം. 10.

## എറണാകുളത്തെ ഒരു സായങ്കാലം.

(റവ. ഫാദർ ജോസ്. എൽ. മാവുങ്കൽ.)

വൈകുന്നേരം, മണി കൃത്യം ഏഴായി. എറണാകുളം ജന
റൽ ആസ്പത്രിയിലെ വിദഗ്ദ്ധന്മാരായ ഡോക്ടറന്മാർ രക്ഷപെടു
ക അസാദ്ധ്യമെന്നു പറഞ്ഞുപേക്ഷിച്ച ഒരു രോഗിയെ സന്ദൎശി
ച്ചു ക്ലാന്തമായ മനസ്സോടുകൂടി ഞാൻ തെക്കെ ഗേററു കടന്നു
പടിഞ്ഞാട്ടു നോക്കിയപ്പോഠം ഒരു സ്വൎണ്ണക്കമേള നടുവേ മുറിച്ചാ

ലെങ്ങിനെയോ, അപ്രകാരം പശ്ചിമാംബുധിയിൽ അഗ്നിമഗ്ന നായി കാണാറായ അസ്തമനസൂര്യബിംബം, ലോകജീവിതത്തിൽ നിന്നു അന്താർദ്ധാനം ചെയ്യിരിക്കുന്ന ആ രോഗിയുടെ ഒരു പ്രതിഛായയല്ലയോ എന്നു ഞാൻ ശങ്കിച്ചുപോയി. ഏതൊരു സർവ്വശക്തൻെറ നിയന്ത്രണത്തിൽ ഈ സൂര്യബിംബം ഇന്നു ലോകത്തിൽനിന്നു അന്തർദ്ധാനം ചെയ്തിട്ടു വീണ്ടും നാളെ രാവിലെ നവജീവനോടും തേജസ്സോടുംകൂടി പൂർവ്വാദ്രിശൃംഗങ്ങളുടെ മേലായി ഉയർന്നുദിക്കുമോ, അതേ സർവ്വശക്തൻെറ പരിലാളനയാൽ തന്നെ ഇന്നു മരണവക്ത്രത്തിൽ അർദ്ധഗ്രസ്തനായിരിക്കുന്ന ഈ സാധുവും നാളെ ആരോഗദൃഢഗാത്രനായി എഴുന്നേല്ക്കുവാൻ പാടില്ലാതില്ലല്ലോ എന്നു സമാശ്വസിച്ചുംകൊണ്ടു ഞാൻ മുന്നോട്ടു ഗതിതുടൎന്നു.

മനോമോഹനമായ ഏർവ്വിൻപാർക്കു ഇതാ എന്നെ അഭിമുഖീകരിക്കുന്നു. കണ്ണിനാനന്ദവും കരളിനു കുളിരും കളേബരത്തിനു ആഹ്ളാദവും സമ്പാദിക്കാൻ കാമിക്കുന്ന സുഖിമാന്മാരുടെ ഒരു സംഘം ആ പാർക്കിൽ അങ്ങിങ്ങായി ചിതറിക്കിടക്കുന്നതു ഒററ നോട്ടത്തിൽ കാണ്മാനാം. ചിലർ കുസുമാലംകൃതമായ തോട്ടങ്ങളുടെ ഇടയ്ക്കു കിടക്കുന്ന ഇരുമ്പുബെഞ്ചുകളിൽ ഇരുന്നു സല്ലപിക്കുന്നു. മററു ചിലർ "ചുളുചുള" വീശുന്ന കടൽക്കാറേററു നേത്രാഭിരാമമായ ആ ഉപവനത്തെ കളംകളങ്ങളായി വിഭാഗിക്കുന്ന വീഥികളിൽക്കൂടി മന്ദം നടന്നു വെടിപറയുന്നു. വേറെ ചിലർ കടലോരത്തിലുള്ള മതിലിന്മേൽ ഉപവിഷ്ടരായി ധൂമപാനം ചെയ്യുന്നു. ബാലന്മാരേയും വൃദ്ധന്മാരേയുംകാൾ കൂടുതൽ യുവതീയുവാക്കന്മാരാണു് ഇവിടെ വിഹരിക്കുന്നതു്. ഇവരെല്ലാവരും വിശ്രമാൎത്ഥികളാണെങ്കിലും വാസ്തവത്തിൽ വിശ്രമാൎത്ഥികളായി അധികംപേരെ കാണ്മാനില്ല. സ്വേദകണങ്ങൾ സ്പൎശിച്ചിട്ടില്ലാത്ത പോപ്ലിൻെറ ഷട്ടും, സില്ക്കിൻെറ സാരിയും അണിഞ്ഞവരെ അല്ലാതെ "അദ്ധ്വാനിക്കയും ഭാരം വഹിക്കയും ചെയ്യുന്നവരെ" പ്രതിനിധീകരിക്കുന്നവരായി ആരുംതന്നെ ഈ പാർക്കിൽ വന്നിട്ടില്ല.

പാർക്കിൽ കയറാതെതന്നെ ഞാൻ വടക്കോട്ടു നടന്നു. കടത്തുബോട്ടുജട്ടിയിൽനിന്നു വരുന്നവരായും അങ്ങോട്ടു പോകുന്നവരായും ഒരു വലിയ ജനാവലി തെരുവീഥിയിൽ അങ്ങോട്ടും ഇങ്ങോട്ടും പ്രവഹിച്ചുകൊണ്ടിരിക്കുന്നു. കച്ചവടപ്പീടികയിലേക്കു ജനങ്ങളെ ക്ഷണിക്കുന്നതിനോ, അഥവാ മുഷിഞ്ഞിരിക്കുന്ന വണിക്കുകൾക്കുതന്നെയും ഒരു മാനസികാനന്ദം ലഭിക്കുന്നതിനോ, എന്നറിഞ്ഞില്ല, മിക്കഷാപ്പുകളിലും സ്ഥാപിച്ചിട്ടുള്ള സംഗീതപ്പെട്ടികളിൽനിന്നു ധ്വനിക്കുന്ന കർണ്ണാനന്ദകരമായ ഗാനനിധ്വാനം പ്രശാന്തമായ വായുമണ്ഡലത്തിൽ മാറെറാലിക്കൊള്ളുന്നു.

ഇപ്പോഴും ഞാൻ ദിവാൻ മന്ദിരത്തിന്റെ മുൻവശത്തായി. അതാ, കുറെ വടക്കായി നിശാദേവിയുടെ കണ്ഠാഭരണമായ ഒരു നവരത്നമാല്യംപോലെ ഏതോ ഒരു വസ്തു റോഡുവിലങ്ങി അംബരമദ്ധ്യത്തിൽ തൂങ്ങിക്കിടക്കുന്നു! ഇതെന്തെന്നറിയുവാൻ ഞാൻ ഗതിക്കു വേഗതക്കൂട്ടി. എറണാകുളത്തെ വാണിജ്യകേന്ദ്രമെന്ന പേരിന്നു സർവ്വഥാ യോഗ്യതയുള്ള "ഒദാരസ്വാമികെട്ടിട"ത്തിന്റെ മദ്ധ്യത്തിലുള്ള വാതായനത്തിന്റെ നേരെ മുകളിലായിട്ടാണ് പ്രസ്തുത രത്നമാല കിടക്കുന്നതു്. സൂക്ഷ്മവീക്ഷണത്തിൽ അതു് വിവിധ വർണ്ണങ്ങളിലുള്ള ഇലക്ട്രിക്ക് ബൾബുകളുടെ ഒരു മാലയാണെന്നു മനസ്സിലായി. ഈ മാല്യം പ്രസ്തുത കെട്ടിടത്തിന്റെ പടിഞ്ഞാറുവശത്തുള്ള ഒരു കൂടാരത്തെയും പരിസരപ്രദേശങ്ങളെയും പ്രഭാപൂരത്തിൽ ആറാടിക്കുന്ന വൈദ്യുത ദീപാവലിയുടെ ഒരു വാലു് മാത്രമാണ്. അവിടെ നേരത്തെ ചിത്രപടരപ്രസിദ്ധീകരിക്കപ്പെട്ട ഒരു സംഗീത തമിഴ് നാടകം അഭിനയിക്കാനുള്ള ഒരുക്കമാണ്. മനോഹരമായ സംഗീതം അവിടെ പൊടിപൊടിച്ചുനടക്കുന്നു. റോഡിൽനിന്നുകൊണ്ടു നാടകശാലയും ദീപാവലിയും ഒരു നോക്കു കണ്ടശേഷം ഞാൻ വീണ്ടും ഗതിതുടന്നു.

ലൂയിമാക്ക്റെറിന്റെ മുമ്പിൽ ഞാൻ എത്തിക്കഴിഞ്ഞു. അവിടെയും കാണാം റോഡുവിലങ്ങി ആകാശദേശത്തെ അലങ്കരിക്കുന്ന വേറൊരു രത്നമാല. അതു ലൂയിമാക്ക്റെറിന്റെ പടിഞ്ഞാ

റുവശത്തുള്ള ഒരു സിനിമാഹാളിലെ വൈദ്യുത ദീപാവലിയുടെ ഒരു അവശേഷമാണെന്നു അടുത്തുവന്നപ്പോഠം മനസ്സിലായി. യൂറോപ്യൻ സംഗീതസംഘമാണു് ഇവിടെ ജനങ്ങളെ ആകർഷിക്കുന്നതിനുള്ള ജോലിയിൽ ഏപ്പെട്ടിരിക്കുന്നതു്.

ഞാൻ വീണ്ടും വടക്കോട്ടു നടന്നു. സുറിയാനി അതിമെത്രാസനാരമനയുടെ മുൻവശത്തെത്തിയപ്പോഠം തൊട്ടുവടക്കുവശത്തുള്ള സുറിയാനിപ്പള്ളിയിലേയ്ക്കു സ്ത്രീപുരുഷഭേദമെന്നിയെ, അബാലവൃദ്ധം ജനങ്ങളടങ്ങിയ ഒരു വലിയ പുരുഷാരം തെക്കുനിന്നും വടക്കുനിന്നും വന്നുകൂടുന്നതു കാണാറായി. മണി ഏഴരയായ ഈ രാത്രികാലത്തു്, ഏവിൻപാക്കും, നാടകക്കൊട്ടയും, സിനിമാടെൻവും ഏവക്കും സ്വാഗതമരുളുന്ന ഈ ശുഭമുഹൂത്തത്തിൽ, കുറെ ദിവസങ്ങഠക്കുമുമ്പു ദൈവവിശ്വാസവും മതഭക്തിയും മനുഷ്യനു നാശകരമാണെന്നു ഏതാനും ഈഴവയുവജനങ്ങഠ യോഗംകൂടി പാസ്സാക്കി പ്രഖ്യാപനംചെയ്ത എറണാകുളം പട്ടണത്തിന്റെ കേന്ദ്രത്തിൽ, ബാഹ്യേന്ദ്രിയങ്ങഠക്കു ഉന്മേഷജനകവും, ആനന്ദസന്ദായകവുമായ യാതൊന്നും നൽകാത്ത ഒരു ദേവാലയത്തിൽ, ഇത്ര വമ്പിച്ച ഒരു ജനൌഘം വന്നു ലയിക്കുന്നതിന്റെ കാരണമെന്തു ? ഏതായാലും അവിടെയും ഒന്നു ചെന്നു ആരായുകതന്നെ. മാർ ളൂയീസ് പ്രസ്സ്മതിൽക്കകെത്തുകൂടിക്കടന്നു പള്ളിമതിൽക്കകെത്തു കയറി മദ്ബഹായുടെ തെക്കെ വാതുക്കൽ ചെന്നു ശ്രദ്ധിച്ചു. പെട്രോമാക്സ്ദീപത്താൽ പ്രശോഭിതമായ ദേവാലയത്തിൽ മണ്ണിട്ടാൽ നിലം പതിയാത്തവിധം ജനങ്ങഠ തിങ്ങിയിരിക്കുന്നു. ഒരു പ്രാസംഗികസ്വരം പള്ളിഭിത്തിയേയും ഭേദിച്ചു പരിസരങ്ങളേയും മുഖരിതമാക്കുന്നുണ്ടു. ശബ്ദമുണ്ടാക്കാതെ ഞാൻ അകത്തേക്കു ഒന്നു എത്തിനോക്കി. അതാ വാതിലിനു തൊട്ടടുത്തു തന്നെ മലങ്കര സുറിയാനി സഭാദ്ധ്യക്ഷനായ എറണാകുളം മെത്രാപ്പോലീത്താ അതിവന്ദ്യ ദിവ്യശ്രീ കണ്ടത്തിൽ മാർ ആഗുസ്തീനോസ് തിരുമനസ്സുകൊണ്ടു പ്രസംഗത്തിൽ ബദ്ധശ്രദ്ധനായി കസേരയിൽ ഉപവിഷ്ടനായിരിക്കുന്നു. ആ വാതുക്കൽകൂടി അകത്തു പ്രവേശിക്കുന്നതു് പലതുകൊണ്ടും അസൌ

കയ്യമായിത്തോന്നിയതിനാൽ പള്ളി ചുററി വടക്കെ വാതുക്കൽ വന്നു. പള്ളിയകം മാത്രമല്ല, മുററവും ജനങ്ങളെക്കൊണ്ടു നിറഞ്ഞിരിക്കയാണ്. ദൂരെനിന്നു പള്ളിക്കകത്തേക്കു നോക്കിയപ്പോഠം, ഏവ്വിൻപാക്കിൽനിന്നും, നാടകശാലയിൽനിന്നും, സിനിമാഹാളിൽനിന്നും ഇത്ര വലിയ ഒരു ജനക്കൂട്ടത്തെ ബലാൽ ആകഷിച്ചു തൻെറ പ്രസംഗത്തിൽ ബദ്ധശ്രദ്ധമാക്കിത്തീക്കുവാൻ ശക്തിയുണ്ടായ ആ പുരുഷോത്തംസം അക്ഷിലക്ഷീഭവിച്ചു.

തവിട്ടുനിറത്തിലുള്ള കമ്മൽസഭാവസ്ത്രവും, അതിന്നുമുകളിൽ ഒരു വെള്ളത്ത സൂപ്പ്ലേസും അതിന്നും മുകളിൽ ഒരു ഉൗറാലയും ധരിച്ചു നില്ക്കുന്ന ഒരു കമ്മലീത്താ സന്യാസിയാണ് പ്രാസംഗികൻ. അദ്ദേഹത്തിൻെറ തൊട്ടടുത്തുള്ള ഒരു തൂണിൽ ചാരി, എറണാകുളത്തെ ഒരു സുപ്രസിദ്ധ ഡാക്ടർ ഈ പ്രസംഗം മുഴുവനും ശ്രവണകേന്ദ്രദ്വാരാ തൻെറ ഹൃദയത്തിൽ സംഭരിക്കുന്നതിൽ ജാഗരൂകനായിരിക്കുന്നു. എറണാകുളം പട്ടണത്തിലെ വൈദികരും ഗവമ്മെൻറുദ്യോഗസ്ഥന്മാരും, അഭിഭാഷകന്മാരും, ഭിഷഗ്വരന്മാരും, കച്ചവടപ്രധാനികളും പൌരപ്രമാണികളും കോളജ് പ്രൊഫസ്സരന്മാരും, വിദ്യാത്ഥികളും, എന്നല്ല, ഉണ്ഡിതപാമരഭേദമില്ലാതെ, സ്ത്രീപുരുഷവ്യത്യാസമെന്നിയെ, കത്തോലിക്കാജനതതി അബാലവൃദ്ധം ഇവിടെ ഉണ്ടെന്നു പറയുന്നതിൽ അതിശയോക്തിയില്ല.

ഇനി, ഇത്ര വമ്പിച്ച ഒരു ജനസഞ്ചയത്തെ ഹഠാദാകഷിക്കുവാൻ പയ്യാപ്തമായ ഈ പ്രസംഗത്തിൻെറ വിഷയമെന്തെന്നു ശ്രദ്ധിക്കതന്നെ.

"ദൈവം സവ്വവും തനിക്കായി സൃഷ്ടിച്ചു"(സുഭാ. ൧൬. ൪.) "ഞാൻ അവനെ (മനുഷ്യനെ) എൻെറ മഹിമയ്ക്കായി സൃഷ്ടിച്ചു" (ഏശ. ൪൩. ൭) "ലോകം മുഴുവനും സമ്പാദിച്ചതിൻെറ ശേഷം സ്വന്ത ആത്മാവിനെ നഷ്ടമാക്കിയാൽ എന്തുഫലം?" (മത്താ. ൧൬. ൨൬) "കത്താവേ, ഞങ്ങഠം നിനക്കായി സൃഷ്ടിക്കപ്പെട്ടു; നിന്നിൽ സമാശ്വസിക്കുന്നതുവരെ ഞങ്ങളുടെ ഹൃദയങ്ങഠം സമാധാനരഹിതങ്ങളത്രെ" (വി. ആഗു) "ദൈവത്തെ

സ്നേഹിക്കുന്നതും തന്നെ സേവിക്കുന്നതും ഒഴിച്ചുള്ളവയെല്ലാം വെറും മായതന്നെ." (ക്രിസ്തുപ. ൧. ൧.) ഈ വാക്യങ്ങളാണു് പ്രസംഗത്തിൻെറ രത്നചുരുക്കം.

കണ്ണിനും, കാതിനും, കരളിനും പ്രമോദദായകമായ ഏവ്വിൻപാൎക്കും, നാടകശാലയും, സിനിമാഹാളും ഉപേക്ഷിച്ചു രാത്രികാലത്തിൽ ഈ ദേവാലയത്തിൽ മനസ്താപജനകമായ ഒരു ധ്യാനപ്രസംഗം കേൾക്കുവാൻ എറണാകുളം പട്ടണത്തിൽ ഇത്രയും ആളുകളുണ്ടായല്ലോ എന്നോൎത്തും സച്ചിന്മയനായ ആ ജഗന്നിയന്താവിനു ഹൃദയകുംഭം നിറഞ്ഞു കവിഞ്ഞൊഴുകിയ നന്ദിയും സ്തോത്രവും സമൎപ്പിച്ചും ഞാൻ കുറെ നേരം അവിടെത്തന്നെ നിന്നനിലയിൽ നിന്നുപോയി.

ഉത്തരക്ഷണത്തിൽ എൻെറ മുമ്പിൽ പ്രത്യക്ഷപ്പെട്ട പ്രസ്തുത പള്ളിവികാരി റവ: ഫാദർ ജോൎജ്ജ് മേനാച്ചേരി ബി. എ. എൽ. ററി. യുടെ സാന്നിദ്ധ്യം എന്നെ ആ ധ്യാനനിഷ്ഠയിൽനിന്നു തട്ടിയുണൎത്തി. അങ്ങൾ ഇപ്രകാരം ഏതാനും വാചകങ്ങൾ പരസ്പരം കൈമാററം ചെയ്തു. "അച്ചാ ഇന്നത്തെകാൎയ്യപരിപാടി എന്തൊക്കെയാ ? "ഈ പ്രസംഗത്തിനുമുൻപു കുരിശിൻെറ വഴി നടത്തി. പ്രസംഗം കഴിഞ്ഞാലുടൻ പരി. കുബ്ബാനയുടെ ആശീൎവാദമുണ്ടായിരിക്കും. അതോടെ എല്ലാം പൎയ്യവസാനിക്കും."

"ഇങ്ങനെ എത്രദിവസത്തേക്കുണ്ടു് ?"

"ഈ നൊയമ്പിൻെറ അമ്പതു ദിവസവും"

"കേൾവിക്കാരുടെ സ്ഥിതിയെങ്ങിനെ ?"

"പ്രതിദിനം വൎദ്ധിച്ചുതന്നെ വരുന്നു."

"കൊള്ളാം, ഈ പുതിയ പ്രസ്ഥാനത്തെ പ്രവൃത്തിയിൽ വരുത്തുവാൻ സാധിച്ചതിനു ഞാൻ അങ്ങെ ഹാൎദ്ദവമായി അനുമോദിക്കുന്നു."

പ്രസംഗം കഴിഞ്ഞു. സക്രാരി രാജാവായ മിശിഹാ ബലിപീഠത്തിന്മേൽ സംസ്ഥാപിതമായിരിക്കുന്ന സിംഹാസനത്തിൽ പ്രത്യക്ഷനായി. ഏവ്വിൻപാൎക്കിലും, നാടകശാലയിലും, സിനി

മാഹാളിലും പോകാതെ തന്റെ പ്രസംഗം കേൾക്കുന്നതിനും, ക്രൂശിന്റെ വഴിയിൽ തന്നെ അനുഗമിക്കുന്നതിനും, അവിടത്തെ ആശീർവ്വാദം കൈക്കൊള്ളുന്നതിനുമായി ഓടിക്കൂടിയിരിക്കുന്ന ഈ ജനാവലിയെ, "സങ്കടപ്പെടുന്നവരും ഭാരംവഹിക്കുന്നവരുമായ" തന്റെ അരുമസന്താനങ്ങളെ, പണ്ടു ജനാസറത്തു കായലോരത്തുവെച്ചു അഞ്ചപ്പവും രണ്ടുമീനുംകൊണ്ടു അയ്യായിരം പേരെ തീററി അനുഗ്രഹിച്ചതുപോലെതന്നെ, അനുഗ്രഹിച്ചു തൃപ്തരാക്കി വീണ്ടും സക്രാരിയിൽ മറഞ്ഞു. ജനങ്ങളും പിരിഞ്ഞു.

കത്തോലിക്ക ഹൃദയങ്ങളിൽനിന്നു ദൈവഭക്തിയെ പിഴുതുകളയുവാൻ ഒരു ഏവ്വിൻപാക്കിനോ, നാടകശാലയ്ക്കോ, സിനിമാഹാളിനോ സാധിക്കുന്നതല്ല. ഇവയിൽനിന്നെല്ലാം മനുഷ്യരെ ആകർഷിക്കുവാൻ ശക്തിയുള്ളതായി ലോകത്തിൽ ഇന്നലെയും ഇന്നും നാളെയും ഉള്ള ഏക ഭവനം കത്തോലിക്കദേവാലയമാകുന്നു. ദൈവത്തിന്റെ പരിപൂർണ്ണ സ്വാതന്ത്ര്യഭരണത്തിലിരിക്കുന്ന ലോകത്തിലെ ഏകസ്ഥലവും കത്തോലിക്ക ദേവാലയംതന്നെ.

## ഒരു വൃദ്ധന്റെ വിസ്മയം.

(ജെ. സി.)

സാധാരണമായി വയസ്സന്മാർ പറയുന്ന വാക്കുകളെ എല്ലാവരും ആദരിക്കാറുണ്ടല്ലോ. ഇതിനു കാരണം അവർക്കു ചെറുപ്പക്കാരെക്കാൾ ലോകപരിചയവും പാകതയും ഉള്ളതാകുന്നു. യുവാക്കന്മാരുടെ "എടുത്തുചാട്ടം" വൃദ്ധന്മാർക്കില്ലാത്തതിനാൽ, അവർ എന്തെങ്കിലും ഒന്നു പറയുകയോ പ്രവർത്തിക്കയോ ചെയ്യുന്നതു് വേണ്ടത്ര ആലോചിച്ചശേഷമായിരിക്കും. എന്നാൽ നമ്മുടെ "കിഴവൻ" ഒരസാധാരണനാണ്. അദ്ദേഹത്തിനു ലോകപരിചയം വേണ്ടുവോളമുള്ളതിനു പുറമേ, ധാരാളം ധനവും ജനതാമദ്ധ്യത്തിൽ വലിയ നിലയും ഇന്ത്യയുടെ വിലതീരാത്ത സ്വത്തായ സംസ്കൃതഭാഷയിൽ അഗാധജ്ഞാനവുംകൂടിയുണ്ടു്. ഇ

തുകൊണ്ടായിരിക്കാം നമ്മുടെ കിഴവന്റെ വാക്കുകളെ സകലമാനപേരും അത്യധികം ശ്രദ്ധയോടുകൂടി കേൾക്കാറുള്ളതു്. "അപ്പുപ്പൻ പറഞ്ഞതു നേരംപോക്കൊന്നുമല്ല; നേരുതന്നെയാണ്" എന്നു സമ്മതിക്കുവാൻ എത്രയെത്ര യുവാക്കന്മാർ ഓരോരോ ഘട്ടങ്ങളിൽ നിർബന്ധിതരായിരിക്കുന്നു!

പഴയകാലവും ഇക്കാലവും തമ്മിലുള്ള വ്യത്യാസത്തെപ്പററി പറഞ്ഞകൂട്ടത്തിൽ, കിഴവൻ കാര്യമായ പല സൂചനകളും ചെയ്യുകയുണ്ടായി. "ആധുനികകാലം പൂർവകാലത്തിൽനിന്ന് എത്രയോ ഭിന്നം," അദ്ദേഹം പറഞ്ഞു. "ഇപ്പോൾ എവിടെയും അഭിവൃദ്ധിതന്നെ. പരിഷ്കാരസൂര്യൻ ഉദിച്ചുയൎന്നിരിക്കുന്ന ഇക്കാലത്തു് നമുക്കുള്ളതായ സൌകര്യങ്ങൾ വല്ലതും പൂൎവ്വന്മാൎക്കുണ്ടായിരുന്നോ? അവൎക്കു ആധുനികരുടെ ഉപകരണങ്ങൾ മിക്കവയും അജ്ഞാതങ്ങളായിരുന്നു; അഥവാ ഏതാനും ചിലവ അവൎക്കുണ്ടായിരുന്നെങ്കിൽ തന്നെ, അവ തികച്ചും അപരിഷ്കൃതങ്ങളായിരുന്നു. എന്തിനധികം പുറകോട്ടു പോകുന്നു; ഞങ്ങളുടെയൊക്കെ ചെറുപ്പത്തിലെ സ്ഥിതി നോക്കിയാൽ മതിയല്ലോ. അക്കാലവും ഇക്കാലവും തമ്മിൽ എന്തു വ്യത്യാസം? അന്നൊക്കെ, പുസ്തകത്തിനു പകരം ഗ്രന്ഥവും കടലാസിനു പകരം ഓലയുമായിരുന്നു. അന്നത്തെ വാഹനങ്ങളേവ; ഇന്നത്തെ വാഹനങ്ങളേവ! അന്നു് മഞ്ചലും വള്ളവും കാളവണ്ടിയുമായിരുന്നു. പിന്നീടാണു് സൈക്കിൾ, മോട്ടർവണ്ടി, ബോട്ട്, കപ്പൽ മുതലായവ ഞങ്ങൾക്കു പരിചിതങ്ങളായതു്. ഇന്നു തീവണ്ടിയും വിമാനവുംകൂടി നാട്ടിൽ ഉണ്ടല്ലോ. അന്നത്തെ ഭവനങ്ങളാണെങ്കിൽ എത്ര മോശം; നേരെമറിച്ചു്, ഇന്നത്തെ മന്ദിരങ്ങൾ എത്ര മനോജ്ഞം! അന്നത്തെ വിളക്കുകളും ഇന്നത്തെ വിളക്കുകളും തമ്മിൽ എന്തു ഭേദം! ഇപ്പോൾ നമ്മുടെ നാട്ടിൽ വിദ്യുച്ഛക്തികൊണ്ടുള്ള വിളക്കുകൾ ധാരാളം ഉപയോഗിച്ചുവരുന്നുണ്ടല്ലോ. അന്നൊക്കെ, വിദൂരസ്ഥരുമായി കത്തിടപാടു് നടത്തുവാനോ സംഭാഷിക്കുവാനോ ആൎക്കെല്ലാം സാധിച്ചു? ഇന്നാകട്ടെ, അഞ്ചൽ, തപാൽ, കമ്പി, കമ്പിയില്ലാക്കമ്പി മുതലായ സൌകര്യങ്ങളുള്ളതുകൊണ്ടു് നമ്മുടെ

ആശയങ്ങൾ, എത്ര ദൂരത്തു സ്ഥിതിചെയ്യുന്നവരെവേണമെങ്കിലും ഗ്രഹിപ്പിക്കുവാൻ പ്രയാസമില്ല. അത്രയുമല്ല, ദൂരശ്രവണി വഴിയായി വിദൂരസ്ഥരോട്ട സംഭാഷിക്കുവാൻപോലും ഇപ്പോൾ സൌകൎയ്യമുണ്ട്.

"എന്തനധികം പറയുന്നു! ലോകത്തിൽ എവിടെ നോക്കിയാലും അഭിവൃദ്ധിയും പരിഷ്ക്കാരവും തന്നെ. മനുഷ്യൻ പുതിയതായി ഓരോരോ ഉപകരണങ്ങളെ കണ്ടുപിടിക്കുക മാത്രമല്ല, നേരത്തെ ഉള്ളവയെ ഒന്നിനൊന്നിനു പരിഷ്ക്കരിക്കുകയും ചെയ്യുന്നു. മനുഷ്യൻ സകലത്തേയും നന്നാക്കിക്കൊണ്ടുതന്നെയിരിക്കുന്നു. എന്നാൽ — എന്നാൽ, എന്തൊരു വിസ്മയം!"

ഇത്രയും പറഞ്ഞതശേഷം വൃദ്ധൻ സംസാരം നിറുത്തി. അദ്ദേഹത്തിൻെറ വിസ്മയഹേതു എന്തെന്നു ഗ്രഹിക്കാതെ കേൾവിക്കാർ കുഴങ്ങി. "അപ്പൂപ്പാ, അവിടുന്ന് വിസ്മയം പ്രദൎശിപ്പിക്കുന്നതിൻെറ കാരണമെന്തു്" എന്നു ചോദിക്കുവാൻ പല യുവാക്കന്മാൎക്കും ആഗ്രഹമുണ്ടായിയെങ്കിലും ആൎക്കുംതന്നെ അതിനു ധൈൎയ്യമുണ്ടായില്ല. എന്നാൽ വൃദ്ധൻ തുടൎന്നു: "ലോകത്തിൽ ഓരോന്നും നാൾക്കുനാൾ അഭിവൃദ്ധിയെ പ്രാപിച്ചുകൊണ്ടിരിക്കുന്നതിനാൽ പഴയകാലവും ഇക്കാലവും തമ്മിൽ വലിയ അന്തരമുണ്ടെന്നു ഞാൻ പറഞ്ഞുവല്ലോ. ഒരു പത്തെഴുപതു കൊല്ലം മുൻപത്തെ ലോകവും ഇപ്പോഴത്തെ ലോകവും തമ്മിലാണെങ്കിൽ പോലും എന്തു വ്യത്യാസം! എന്നാൽ ഒരു പത്തെഴുപതു കൊല്ലം മുമ്പു ജീവിച്ചിരുന്ന മനുഷ്യരേക്കാൾ ഇക്കാലത്തെ മനുഷ്യർ (അതായത്തു് നമ്മൾ) നല്ലവരാണോ? മനുഷ്യൻ മററു വസ്തുക്കളെ നന്നാക്കുന്നതുപോലെ തന്നെത്തന്നെ നന്നാക്കുന്നുണ്ടോ?"

പ്രിയ വായനക്കാരേ, ഈ ചോദ്യത്തിനുത്തരം പറയുവാനൊ ആ യുവാക്കന്മാരിൽനിന്നു കേൾക്കുവാനോ താമസിക്കാതെ, വൃദ്ധൻ സംഭാഷണം അവസാനിപ്പിച്ചു സ്ഥലം വിടുകയാണു് ചെയ്തതു്. അദ്ദേഹം പൊയ്ക്കൊള്ളട്ടെ. നമുക്കു സ്വയം ഒന്നാലോചിച്ചുനോക്കാം. നമ്മൾ നമ്മുടെ പൂൎവ്വന്മാരെക്കാൾ നല്ലവരാണെന്നോ അല്ലെന്നോ കിഴവൻ പറഞ്ഞില്ല. നല്ലവര

ല്ലെന്നു പറഞ്ഞാൽ അതു് നമ്മിൽ വല്ലവക്കും ഇഷ്ടപ്പെടാതെ വന്നേക്കാമെന്നു ശങ്കിച്ചിട്ടായിരിക്കാം, നമ്മെപ്പററിയുള്ള അഭിപ്രായം നമ്മൾതന്നെ ആലോചിച്ചു പറഞ്ഞുകൊള്ളട്ടെ എന്നുവച്ച് അദ്ദേഹം സംസാരം നിറുത്തിയതു്. പക്ഷെ, അവരവർതന്നെ അവരവരെപ്പററി വിധിക്കുന്നതായാൽ ആ വിധി പലവിധത്തിൽ തെററിപ്പോവാനിടയുണ്ടത്രെ. തൻെറ സ്വഭാവം മോശമാണെന്നു ആക്കുംതന്നെ സാധാരണ തോന്നാറില്ല. ഈ കാര്യം ഓർമ്മയിൽവച്ചുകൊണ്ടു, ഏതായാലും, നമുക്കു നമ്മെത്തന്നെ ഒന്നു പരിശോധിച്ചുനോക്കാം. പരമാത്ഥതയോടെ ഈ പരിശോധന നടത്തുന്നതായാൽ, ഒരുപക്ഷെ വല്ലവക്കും പണ്ടൊരു കൊച്ചനു ബോധപ്പെട്ടവിധം ബോധമുണ്ടായെന്നും വരാം. അവൻ അന്യരെ കുററംപറഞ്ഞുനടന്നതല്ലാതെ, തന്നിൽ കുററമുണ്ടോയെന്നു നോക്കിയിരുന്നില്ല. എന്നാൽ ദൈവാനുഗ്രഹം അവൻെറമേലുണ്ടായതിൻെറ ഫലമായി, ഒരു ദിവസം അവൻ തന്നെത്തന്നെ ഒന്നു പരിശോധിച്ചുനോക്കി. അപ്പോൾ അവൻ പറഞ്ഞതിപ്രകാരമായിരുന്നു: "എൻെറ വല്യപ്പൻ എൻെറ അപ്പനേക്കാൾ നല്ലയാളാണെന്ന് ആരോ പറഞ്ഞുകേട്ടിട്ടുണ്ടു്. അതെങ്ങിനെയുമിരിക്കട്ടെ. ഏതായാലും ഒരു കാര്യം തീച്ചയാണ്: അപ്പൻ എന്നേക്കാൾ തുലോം നല്ലവനാണ്."

ആളുകൾ എല്ലായിടത്തും തന്നെ ഒന്നിനൊന്നിനു ചീത്തയായിട്ടാണ് വരുന്നതെന്നു തോന്നുന്നു. ദൈവനാമം ലോകത്തിൽ ഉച്ചരിച്ചുകേൾക്കാതിരിക്കുവാനായി തീവ്രയത്നം ചെയ്തുകൊണ്ടിരിക്കുന്ന റഷ്യ മുതലായ വിദേശങ്ങളിലെ കാര്യം വിവരിക്കുന്നില്ല. നമുക്കു നമ്മുടെ നാട്ടിലെ സ്ഥിതിയെപ്പററി ഒന്നു ചിന്തിക്കാം. എഴുപതൊ എൺപതൊ വയസ്സുള്ള കിഴവന്മാരോടു ചോദിക്കുന്നതായാൽ, അവരുടെ ചെറുപ്പകാലത്തു വഴക്കും ലഹളയും അടിയും പിടിയും വെട്ടും കുത്തും ഇതര ക്രൂരകൃത്യങ്ങളും അപൂവ്വമായിരുന്നെന്ന്, വളരെ അപൂവ്വമായിരുന്നെന്നു, ഗ്രഹിക്കാവുന്നതാണ്. നമ്മുടെ കാലത്തു് ഈവക കടുംകൈകൾ സവ്വസാധാരണമാണല്ലോ. എത്രപേർ വെട്ടും കുത്തുമേററു ചാകുന്നു!

ഒരു ഈച്ചയേയോ കോഴിയേയോ കൊല്ലുന്നതുപോലെതന്നെ മനുഷ്യനേയും കൊല്ലാൻ മടിയില്ലാത്തവരായി മനുഷ്യവേഷധാരികളായ എത്ര പിശാചുക്കൾ ഇപ്പോൾ ഉണ്ട്!! ഏതു സ്ഥലത്തും സമാധാനരാഹിത്യവും യോജിപ്പില്ലായ്മയുമാണല്ലോ ജനങ്ങളുടെയിടയിൽ നാൾക്കുനാൾ വർദ്ധിച്ചുവരുന്നതു്. ലോകത്തിൽനിന്നു് സ്നേഹം (സഹോദരസ്നേഹം) പമ്പകടന്നൊന്നു തോന്നിപ്പോകും! അത്രയ്ക്കു മോശമായിട്ടാണു് മനുഷ്യമനസ്സു രൂപാന്തരപ്പെട്ടുവരുന്നതു്.

മനുഷ്യൻ എല്ലാ ഉപകരണങ്ങളേയും—വസ്ത്രാഭരണങ്ങളെപ്പോലും—പരിഷ്കരിച്ചുകൊണ്ടിരിക്കുന്ന സ്ഥിതിക്കു്, തന്നെത്തന്നെ പരിഷ്കരിക്കുന്നകാര്യത്തിൽ എന്തുകൊണ്ടാണാവോ അവൻ വേണ്ടത്ര ഉത്സാഹിക്കാത്തതു്! "മനുഷ്യൻ" എന്നു പൊതുവിൽ പറഞ്ഞിട്ടു കാര്യമില്ല. "നമ്മൾ" എന്നുതന്നെ നമുക്കു പറയാം. നാം അന്യരെ പഴിച്ചിട്ടു കാര്യമൊന്നുമുണ്ടാകയില്ല. നമ്മെത്തന്നെ നമുക്കു പരിശോധിക്കാം. താൻ നല്ലവനാണെന്നു് ആരെങ്കിലും പറയുന്നപക്ഷം—ആർക്കു സാധിക്കും ഇങ്ങനെ പറയുവാൻ?—അയാളോടു് "എന്നാൽ, കൂടുതൽ നന്നാവാനായിരിക്കട്ടെ നിന്റെ ശ്രമം" എന്നേ പറയേണ്ടതുള്ളു. സംഗതികൾ കുറേക്കൂടി പ്രായോഗികമായിരിക്കണമെങ്കിൽ, "നമ്മൾ" എന്നുള്ളതു മാററി ആ സ്ഥാനത്തു ഓരോരുത്തനും "ഞാൻ" എന്നാക്കുകതന്നെവേണം. ഞാൻ എന്നോടു ഇപ്രകാരം പറയണം? "ഞാൻ ജീവിക്കുന്നതായ ഈ കാലം എന്റെ പൂർവ്വന്മാരുടെ കാലത്തെ അപേക്ഷിച്ചു് കൂടുതൽ പരിഷ്കൃതമാണെന്നാണല്ലോ പറയുന്നതു്. എന്നാൽ, എന്റെ പൂർവ്വന്മാരെക്കാൾ നല്ലവനാണോ ഞാൻ? പുറമെ ഞാൻ അവരെക്കാൾ ഭേദപ്പെട്ടു കാണപ്പെടുന്നുണ്ടായിരിക്കാം. എന്നാൽ എന്റെ ഉള്ളു് എങ്ങിനെയിരിക്കുന്നു? തീർച്ചയായും ഞാൻ നന്നാകേണ്ടതായിട്ടാണിരിക്കുന്നതു്. നല്ലവനായി എന്ന കാരണത്താൽ ആരെങ്കിലും ഖേദിച്ചിട്ടുള്ളതായി കേട്ടിട്ടില്ല. നല്ലവനാകുക എന്നതുതന്നെ എത്ര നന്നു്! മാത്രമല്ല, ക്രിസ്ത്യാനിയുടെ മാതൃകയായ ക്രിസ്തുതന്നെ ഇതാവശ്യ

പ്പെടുന്നു. ആകയാൽ, ഞാൻ നാൾക്കുനാൾ നന്നായി വരേണ്ടതു എൻെറ കടമയാണ്. എന്നെത്തന്നെ നന്നാക്കുക എന്നതു് അസാധ്യമല്ലതാനും. എന്നെപ്പോലതന്നെ ആയിരുന്ന വളരെ വളരെപ്പേർ സാക്ഷാൽ സാധിച്ചിട്ടുള്ള ഒരു കാര്യം എന്തുകൊണ്ടു് എനിക്കു സാധിക്കുകയില്ല? തീർച്ചയായും എനിക്കും സാധിക്കും."

ജർമ്മൻകാരുടെയിടയിലുള്ള ഒരു പഴമൊഴികൊണ്ടു ഈ ലേഖനം അവസാനിപ്പിച്ചുകൊള്ളാം. "നാം നല്ലവരാവുക; അപ്പോൾ, ലോകം നന്നായിക്കൊള്ളും."

തിരുഹൃദയഭക്തന്മാർ ഈ മാസത്തിൽ വെക്കേണ്ടതായ

# പൊതുനിയോഗം.

ഈശോയുടെ തിരുഹൃദയത്തിൻെറ നിരന്തരമായ യാചന നമ്മളും അനുസരിക്കുക.

നമുക്കു വേണ്ടി സദാ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന ഈശോയുടെ തിരുഹൃദയത്തെ നാം അനുകരിച്ച് നമ്മുടെ അഭ്യർത്ഥനകളെ നാം ദൈവത്തിനു സമർപ്പിക്കണം. നമുക്കു ഐഹികപാരത്രികങ്ങളായ അനേകം ആവശ്യങ്ങൾ ദൈനംദിനം നേരിടുന്നുണ്ടു്. അവയെല്ലാം സാധിതപ്രായമാകുന്നതിനു വേണ്ടി നാം ഈശോയുടെ തിരുഹൃദയത്തെ അനുകരിച്ചു പ്രാർത്ഥിക്കുന്നതിനു നാം ഉത്സുകരായി തീരുന്നതിനുവേണ്ടി തിരുഹൃദയ സഭക്കാർ ഈ മാസത്തിൽ സവിശേഷം പ്രാർത്ഥിക്കേണ്ടതാണ്.

ഉപകാരസ്മരണ.

വിശുദ്ധ കൊച്ചുത്രേസ്യായുടെ മാദ്ധ്യസ്ഥത്താൽ ഉദ്ദിഷ്ട കാര്യം സാധിച്ചതിനു ഉപകാരസ്മരണ. രൂ. ൧. കെ. സി. മേരി.

ഒരു പ്രത്യേക കാര്യം സാധിച്ചതിനു. രൂ. 1.

മിസ്സസ്സ് ജേ. മാനുവെൽ, തിരുവനന്തപുരം.

## തിരുഹൃദയഭക്തരെ ഉദ്ദേശിച്ചു വി. മർഗ്ഗരീത്താമറിയത്തോടു

## ന. കർത്താവു ചെയ്തിരിക്കുന്ന വാഗ്ദാനങ്ങൾ.

1. "അവരുടെ ജീവിതസ്ഥിതിക്കു ആവശ്യമുള്ള സർവ്വവരപ്രസാദങ്ങളും ഞാൻ അവർക്കു കൊടുക്കും.

2. "അവരുടെ കുടുംബങ്ങളിൽ ഞാൻ സമാധാനം സ്ഥാപിക്കും.

3. "അവരുടെ സകല സങ്കടങ്ങളിലും ഞാൻ അവരെ ആശ്വസിപ്പിക്കും.

4. "അവരുടെ ജീവിതകാലത്തിലും, പ്രത്യേകിച്ചു മരണസമയത്തും ഞാൻ അവർക്കു ഭദ്രമായ സങ്കേതമായിരിക്കും.

5. "അവരുടെ സകല ഉദ്യമങ്ങളേയും ഞാൻ ധാരാളമായി ആശീർവ്വദിക്കും.

6. "പാപികൾക്കു എന്റെ ഹൃദയം അനുഗ്രഹത്തിന്റെ ഉറവയും അതിരററ കൃപാസമുദ്രവും ആയിരിക്കും.

7. "മന്ദഭക്തരായ ആത്മാക്കൾ ഭക്തിതീക്ഷ്ണതയുള്ളവരായിത്തീരും.

8. "ഭക്തിതീക്ഷ്ണതയുള്ള ആത്മാക്കൾ വേഗത്തിൽ ഉന്നതമായ പുണ്യപൂർണ്ണതയെ പ്രാപിക്കും.

9. "എന്റെ ഹൃദയത്തിന്റെ രൂപം ഭക്തിപൂർവ്വം പ്രതിഷ്ഠിച്ചു വണങ്ങുന്ന സ്ഥലങ്ങളെയെല്ലാം ഞാൻ ആശീർവ്വദിക്കും.

10. ഏററം കഠിനമായ ഹൃദയങ്ങളെ ഇളക്കുന്നതിനുള്ള വിശേഷവരം ഞാൻ പട്ടക്കാർക്കു കൊടുക്കും.

11. "ഈ ഭക്തിയെ വർദ്ധിപ്പിക്കുന്നവരുടെ പേരുകൾ ഒരിക്കലും മായിക്കപ്പെടാതിരിക്കത്തക്കവണ്ണം എന്റെ ഹൃദയത്തിൽ ഞാൻ എഴുതും.

12. "ഒൻപതു മാസം മുടങ്ങാതെ ആദ്യവെള്ളിയാഴ്ചതോറും ശുദ്ധ. കുർബ്ബാന കൈക്കൊള്ളുന്നവർക്കെല്ലാം, അന്ത്യനേരത്തു് പാപങ്ങളെക്കുറിച്ചു മനസ്താപപ്പെടുന്നതിനുള്ള വിശേഷവരപ്രസാദം എന്റെ സർവ്വശക്തിയുള്ള സ്നേഹത്താൽ ഞാൻ കൊടുക്കുമെന്നു എന്റെ ഹൃദയത്തിന്റെ അഗാധമായ കാരുണ്യത്തോടെ ഞാൻ നിന്നോടു വാഗ്ദാനം ചെയ്യുന്നു. എന്റെ ഇഷ്ടപ്രസാദം കൂടാതെയൊ, അവർക്കു ആവശ്യമുള്ള കൂദാശകൾ കൈക്കൊള്ളാതെയൊ അവർ മരിക്കയില്ല. അന്ത്യസമയത്തു് എന്റെ ഈ ദിവ്യഹൃദയം അവർക്കു ഭദ്രമായ സങ്കേതമായിരിക്കയും ചെയ്യും".

# ജലജീവിയായ ഒരു ബാലൻ.

കറുത്തു മെലിഞ്ഞ ഈ ബാലന്നു കാഴ്ചയിൽ ഉദ്ദേശം 15 വയസ്സു പ്രായംതോന്നും. മസൂരിവന്ന വടുവ് മുഖത്തും ശരീരത്തിൻെറ മററു ഭാഗങ്ങളിലുമുണ്ടു. കൊഞ്ഞലോടുകൂടി മലയാളം സംസാരിക്കുന്നുണ്ടു്. ആകപ്പാടെ ഒരു വിഡ്ഢിയുടെ പ്രകൃതിയാണു് കാണുന്നതു്. താൻ കായംകുളം സ്വദേശിയാണെന്നും ശൈശവത്തിൽ മസൂരി ബാധിച്ചു എന്നും മരിച്ചുപോയെന്നു കരുതി തൻെറ വീട്ടുകാർ തന്നെ കായലിൽ എറിഞ്ഞുകളഞ്ഞു എന്നും അപ്പോൾ നാലു തലയുള്ള ഒരു സത്വം പ്രത്യക്ഷനായി വെള്ളത്തിൽ തന്നെ ജീവിച്ചുകൊള്ളുവാൻ ആജ്ഞാപിച്ചു എന്നും മററുമാണു് ഈ ബാലനോടു ചോദ്യം ചെയ്തതിൽ അവൻ പറഞ്ഞതു്. പൊല്ലീസ് അവനെ പല തരത്തിലും പരീക്ഷിച്ചുനോക്കി. അവന്നു കൈ രണ്ടും തലയുടെ കീഴിൽ പിണച്ചുവെച്ചു വെള്ളത്തിൽ മലൎന്നുകിടന്നു വളരെ നേരം നിന്തിയൊ ഒഴുകിയൊ പോകാൻ യാതൊരു പ്രയാസവുമില്ല. വെള്ളത്തിന്നടിയിൽ അധികം നേരം മുങ്ങിക്കിടക്കാൻ കഴിയും. ഭക്ഷണം പച്ചമത്സ്യവും ചളിയുമാണെന്നു പറഞ്ഞതിൻെറ യാഥാൎത്ഥ്യം മനസ്സിലാക്കാനായി ഒരു കോൺസ്റ്റബിൾ ഒരു 'വിരാൽ' എന്ന മത്സ്യം കൊണ്ടുവന്നു കൊടുത്തതിൽ അതിൻെറ കണ്ണും മുള്ളും അവൻ കടിച്ചു കളഞ്ഞതിൻെറ ശേഷം അതു മുഴുവനും തിന്നു എന്നു കോൺസ്റ്റേബിൾ ഇതെഴുതുന്നയാളോടു പറകയുണ്ടായി. അവന്നു കരയിൽ താമസിക്കാൻ ഇഷ്ടമില്ല. ജലക്രീഡയിലാണു് താല്പൎയ്യം. പാൽ, മുന്തിരിങ്ങാപ്പഴം മുതലായവ കഴിക്കുന്നുണ്ടു്. ഏതാനും ദിവസങ്ങൾക്കുമുമ്പു ഒരു കടൽ ബാലൻ വെമ്പനാട്ടു കായലിൽ കിടന്നിരുന്നതു കണ്ടു ആരൊ ചിലർ ബലമായി പിടിച്ചു കരയിൽ കൊണ്ടുപോയതായി കഴിഞ്ഞ ലക്കം 'കൊച്ചിൻ ആർഗസ്' എന്ന പത്രത്തിൽ ഒരു ലേഖകൻ എഴുതിയിരുന്നു. ഇവൻ തന്നെ ആയിരിക്കണം ആ ബാലൻ എന്നു ഊഹിക്കപ്പെടുന്നു. ഈ ബാലൻ തിരുവിതാംകൂർകാരനാകയാൽ എറണാകുളം പൊല്ലീസ് ഇവനെ തിരുവിതാംകൂർ അതിൎത്തിയിലുള്ള ഉദിയംപേരൂർ പൊല്ലീസ് സ്റ്റേഷനിൽ കൊണ്ടുപോയി ഏല്പിച്ചതായി അറിയുന്നു. ടിക്കെററ് വെച്ചു ഇവനെ പ്രദൎശിപ്പിച്ചിരുന്നു എങ്കിൽ ബീഹാർ ഭൂകമ്പസങ്കടനിവാരണഫണ്ടിലേക്കു ഒരു നല്ല സംഖ്യ പിരിയുമായിരുന്നു എന്നുള്ള മനോധൎമ്മം ആൎക്കും ഉണ്ടാകാഞ്ഞതു കഷ്ടമായിപ്പോയി.

സ. നാ.

# കുറിപ്പുകൾ.

അഖില കേരള കത്തോലിക്കാ കോൺഗ്രസ്സിന്റെ ൧൫ - ാമത്തു സമ്മേളനം മെയ് ൧൩ - ം ൧൪ - ം തീയതികളിൽ ആലപ്പുഴെവെച്ചു ഡോക്ടർ എഫ്. എക്സ്. ഡിസൂസാ എം. എ., ബാർ - അററ - ലാ, എൽ. എൽ. ഡി., ഐ. സി. എസ്സ് അവർകളുടെ അദ്ധ്യക്ഷതയിൽ മംഗളമായി നടന്നിരിക്കുന്നു. വൈദികർ, മററു നേതാക്കന്മാർ, വനിതകൾ ആദിയായി ഒരു വലിയ ജനസംഘത്തിനു പുറമേ യാക്കോബായക്കാർ, ഈഴവർ, മുസ്ലീമങ്ങൾ, ഹിന്ദുക്കൾ മുതലായി അകത്തോലിക്കരും അക്രൈസ്തവരുമായ ചില സമുദായ നേതാക്കന്മാരും സമ്മേളനഹാളിൽ സ്ഥലം പിടിച്ചിരുന്നു. പ്രതിനിധിസഭകളിലും പബ്ളിക്ക് സർവ്വീസിലും തങ്ങൾ അനുഭവിക്കുന്ന അസമത്വങ്ങൾക്കു നീതിപരമായ തീരുമാനമുണ്ടാക്കണമെന്നു മഹാരാജാവു തിരുമനസ്സിലെ സന്നിധിയിലും ഗവർമെൻറിന്റെ അടുക്കലും അഭ്യർത്ഥിക്കുന്നതായിട്ടുള്ളതായിരുന്നു കോൺഗ്രസ്സിൽ പാസ്സാക്കിയ പ്രമേയങ്ങളിൽ പലതും. സാമൂഹ്യസേവനത്തേയും, തൊഴിലാളികളുടെ സംരക്ഷണത്തേയും, എയിഡഡ് വിദ്യാലയങ്ങളുടെ അവകാശ സംരക്ഷണത്തേയും പരാമർശിച്ചു പ്രമേയങ്ങൾ പാസ്സാക്കിയിട്ടുണ്ട്. കോൺഗ്രസ്സിനു ഇപ്പോൾ ൧൬൦൦ അംഗങ്ങളും ൧൦൦ ക. നീക്കിയിരുപ്പുമാണുള്ളതു്.

ആലുവാ സെൻറ മേരീസ് ഹൈസ്കൂൾ രജതജൂബിലി സംബന്ധിച്ചുള്ള ആഘോഷങ്ങൾ ഇക്കഴിഞ്ഞ ൧൫, ൧൬, ൧൭ തീയതികളിൽ വളരെ ഭംഗിയായി കഴിഞ്ഞുകൂടിയിരിക്കുന്നു. സ്കൂളിന്റെ സ്ഥാപകനായ മാർ ളൂയിസ് മെത്രാനച്ചൻ തിരുമനസ്സിലെ സ്മാരകമായി ഒരു സ്കോളർഷിപ്പു ഏർപ്പെടുത്തുകയും സ്കൂൾ ഹാളിൽ തിരുമനസ്സിലെ ഒരു ഛായാപടം സ്ഥാപിച്ചു് മാർ ളൂയീസ് ഹാൾ തുറക്കുകയും ചെയ്തു. പല പൂർവ്വവിദ്യാർത്ഥികളും ഈ ആഘോഷങ്ങളിൽ ആദ്യന്തം സന്നിഹിതരായിരുന്നു.

സ്ഥലം സേക്രഡ്ഹാർട്ട് ഹൈസ്കൂളിൽനിന്നു ഇദംപ്രഥമമായി സ്കൂൾഫൈനൽ പരീക്ഷയിൽ ചേർന്നിരുന്ന ൩൩ വിദ്യാർത്ഥികളിൽ ൧൭ പേരും പാസായിരിക്കുന്നു. പരീക്ഷാഫലംകൊണ്ടു സ്റ്റേററിൽ ഒന്നാംസ്ഥാനം ലഭിച്ചിരിക്കുന്നതു് ഈ സ്കൂളിനാണ്. തേർഡ്ഫാറം പബ്ളിക്ക്എക്സാമിനേഷനിൽ ചേർന്നിരുന്ന ൧൭ കുട്ടികളിൽ ൧൪ പേർ വിജയികളായിട്ടുണ്ട്. സ്കൂൾ ഭാരവാഹികൾ അഭിനന്ദനാർഹരത്രേ.

വിശുദ്ധ വത്സരസമാപനസംഹാരത്തിനുശേഷവും പരിശുദ്ധ പിതാവു ഒട്ടുവളരെ തീർത്ഥകസംഘങ്ങളെ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. റോമയിലെത്തിയിരുന്ന ൩൦,൦൦൦ ആൽപൈൻ പട്ടാളക്കാർക്കുവേണ്ടി പരിശുദ്ധ പിതാവു സെൻറ് പീറേറഴ്സിൽവെച്ചു ദിവ്യപൂജ സമർപ്പിക്കുകയുമുണ്ടായി.

സർ സ്റ്റീഫൻ കില്ലിക്ക് എന്ന പ്രസിദ്ധ കത്തോലിക്കനെ ലണ്ടനിലെ അടുത്ത ലോർഡ്മേയറായി പ്രഖ്യാപനം ചെയ്തിരിക്കുന്നു.

ഈയിടെ ഉത്തരജപ്പാനിലുണ്ടായ അതിഭയങ്കരമായ അഗ്നിബാധമൂലം നി

രാധാരരായിത്തീന്നവരിൽ ആയിരംപേക്ക അവിടത്തെ കാനേഡിയൻ ഡോമനിക്കൻ സന്യാസസഭക്കാർ പ്രതിദിനം ഭക്ഷണം നല്കിവരുന്നു.

റബ്ബർ നിയന്ത്രണപദ്ധതി അടുത്ത ജൂൺ ൧-ാംനു- ഇന്ത്യയിലും നടപ്പാകുന്നതാണു്. ആ തീയതിമുതല്ക്കു കയററി അയക്കുന്ന റബ്ബർ ഇന്ന സ്ഥലത്തുണ്ടായതാണെന്നും മററും വിവരിക്കുന്ന അനുവാദം ആവശ്യമാണു്.

ന്യൂഡെൽഹിയിൽ പണികഴിപ്പിക്കപ്പെടുന്ന തിരുഹൃദയസ്മാരകത്തിന്റെ ആവശ്യത്തിലേക്കു് ഇൻഡ്യാവൈസ്രോയിയും പത്നിയുംകൂടി ൩൦൦ ക. സംഭാവന ചെയ്തിരിക്കുന്നു.

ഫാദർ ആൻസ്ഗർ സെവ്റിൻ എസ്. ജെ. എന്ന വൈദികശ്രേഷ്ഠനെ റാഞ്ചിരൂപതയുടെ മെത്രാനായി നിയമിച്ചിരിക്കുന്നു. ഈ രൂപതയിൽ ൨,൬൩,൮൦൩ കത്തോലിക്കരും, ൧൧൫ വൈദികരും രൂപതവകയായി ൬൦൫ വിദ്യാലയങ്ങളുമുണ്ടു്.

മൈസൂർ മഹാരാജാവു് സർ ശ്രീകൃഷ്ണരാജഉടയാർ തിരുമനസ്സുകൊണ്ടു് അടുത്ത മദ്രാസ് ആഘോഷങ്ങൾക്കുശേഷം തിരുവിതാംകൂർ സന്ദർശിക്കുന്നതാണെന്നറിയുന്നു.

ജനിവായിലെ സർവരാജ്യസഖ്യ മന്ദിരത്തിനു സമീപം ഒരു സമസ്ത ദേശീയ ഗ്രന്ഥശാല തുറക്കുന്നതിനു അമേരിക്കയിലെ ഒരു കോടീശ്വരനായ റോക്ഫെല്ലർ നാലു ലക്ഷം പവൻ സംഭാവനചെയ്തിരിക്കുന്നു.

ബീഹാറിലെ ഭൂകമ്പംകൊണ്ടു ൩൦,൦൦൦-പേരുടെ ജീവാപായവും ൪൦ കോടി ഉറുപ്പികയുടെ നഷ്ടവും ഉണ്ടായിട്ടുള്ളതായി ബീഹാർ സെൻട്രൽ കമ്മററിയുടെ റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നു.

തിരുവനന്തപുരം സെൻററ് ജോസഫ്സ് കോൺഫ്രൻസിന്റെ ൧൯൩൩-ാമാണ്ടത്തെ 'വാഷിക റിപ്പോട്ട്', മി. വി. കെ. ജേക്കബ്, കണ്ടല്ലൂംകടവു്, പ്രസാധനം ചെയ്തിട്ടുള്ള 'വിശുദ്ധ വാരം', (വില ൧ ണ. ൪ പൈ) മി. ജി. എസ്. കണ്ണനാശ്ശേരിൽ എഴുതിയ "ആ മഹനീയനോട്ടം" (വില രണ്ടണ. മൂക്കന്നൂർ അനാഥശാലാഡിപ്പോ, എറണാകുളം) എന്നീ പുസ്തകങ്ങൾ നന്ദിപൂർവം കൈപ്പററിയിരിക്കുന്നു. ഈ പുസ്തകങ്ങളെപ്പററി ഞങ്ങൾക്കുള്ള അഭിപ്രായം സ്ഥലസൌകര്യം പോലെ പ്രസിദ്ധപ്പെടുത്തുന്നതാണു്.

ആലുവാപള്ളി ഇടവക തേയ്ക്കാനത്തു് മി. പി. ജോസഫിന്റെ ഭാര്യ ശ്രീമതി അന്നമ്മ തന്റെ ൪൮-ാമത്തെ വയസ്സിൽ ഇക്കഴിഞ്ഞ ഏപ്രിൽ ൨൦-ാംതീയതിയും, വടയാററു പള്ളി ഇടവക പാറേമാക്കൽ ബ. യൌസേപ്പച്ചന്റെ പിതൃസഹോദരി ശ്രീമതി അന്ന ഇക്കഴിഞ്ഞ മേയ് ൨-ാംതീയതിയും, പെരുമാന്തർ സെൻറു ജോർജ്ജ് പള്ളി ഇടവക മനയത്തു് വക്കോ ആഗസ്തി മേയ് ൨൧-ാം തീയതിയും മരണം പ്രാപിച്ചിരിക്കുന്നു. ഇവരുടെ ആത്മാനുകൂലാർത്ഥം വായനക്കാർ പ്രാർത്ഥിപ്പാറാകണം. R. I. P.

# SADHANA AUSADHALAYA, DACCA.

— അദ്ധ്യക്ഷൻ —

**യോഗേശ ചന്ദ്ര ഗോസ്, എം. എ., എഫ്. സി. എസ്സ്.**

ആയുർവ്വേദ വിധിപ്രകാരം തയ്യാറാക്കീട്ടുള്ള ശുദ്ധമായ ഔഷധങ്ങൾ.

ഔഷധപ്പട്ടിക ആവശ്യക്കാൎക്ക വെറുതെ അയച്ചുകൊടുക്കുന്നതാണ്. രോഗവിവരം അറിയിച്ചാൽ സൌജന്യമായി ഔഷധം നിശ്ചയിച്ചുകൊടുക്കും.

മകരദ്ധ്വജ (സ്വൎണ്ണസിന്ദൂരം.) ത്രിദോഷങ്ങൾ കോപിച്ചുണ്ടാകുന്ന എല്ലാ രോഗങ്ങൾക്കും സിദ്ധൌഷധമാകുന്നു. ഇതു് ശരീരത്തിനും മനസ്സിനും ഓജസ്സും ശക്തിയും വൎദ്ധിപ്പിച്ചു് ജീവിതം സന്തോഷമുള്ളതാക്കി തീൎക്കുന്നു.

ഒരു ദ്രൂപാത്ത്രക്കത്തിന് ക. ൪.

ശാരിബാദിസരസം. ഇതു് ഉഷ്ണപ്പുണ്ണിന് കൈകണ്ട മരുന്നാണ്. രസസേവനം കൊണ്ടുണ്ടായ വിഷം, അസ്ഥിസ്രാവം, മൂത്രരോഗങ്ങൾ, രക്തദൂഷ്യം ഇവയ്ക്കും വിശേഷപ്പെട്ടതു്.

ഒരു സേറിനു ക. ൩.

സുഖര സഞ്ജീവനി. ഓജഃക്ഷയം, ഇന്ദ്രിയസ്ഖലനം, സ്വപ്നദോഷം മുതലായ രോഗങ്ങളെ വേഗത്തിൽ സുഖപ്പെടുത്തും. സേർ ഒന്നിനു ക. ൧൬.

അബലബാന്ധവയോഗം:- ഇതു സ്ത്രീകളുടെ അസൃഗ്ദരം മുതലായ ആൎത്തവ സംബന്ധമായ എല്ലാ രോഗങ്ങളിലും പ്രശസ്തമായിട്ടുള്ളതാകുന്നു. ൧൬ തവണ സേവിപ്പാനുള്ള ഒരു കുപ്പിക്കു വില ക. ൨. അമ്പതിന് ക. ●.

കൂടുതൽ വിവരത്തിനു മുകളിൽ കാണിച്ചിരിക്കുന്ന മേൽവിലാസത്തിൽ എഴുതുക.

---

# നിലങ്കാരിച്ചുമ.

നിങ്ങളുടെ കുട്ടികളെ ൩ മാസം തുടരെ ചുമയ്ക്കുവാൻ അനുവദിക്കരുതു ഞങ്ങളുടെ മരുന്നു ഉപയോഗിക്കുന്നതായാൽ പന്ത്രണ്ടു ദിവസംകൊണ്ടു ചുമ നിറുത്തുവാൻ നിങ്ങൾക്കു സാധിക്കുമെന്നു അതിശയോക്തി സ്വല്പംകൂടാതെ പറയാം.

ഒരു കുപ്പിക്കു വില ക. ൨-൧൨-൦.

## കാസശ്വാസനിവാരണി.

നിങ്ങൾ പല ഔഷധങ്ങൾ ഉപയോഗിച്ചിട്ടും ഏങ്ങൽ മാറാതെയിരിക്കയാണെങ്കിൽ അവസാനമായി ഈ മരുന്നു ഉപയോഗിച്ചുനോക്കുക. തീൎച്ചയായിട്ടും സുഖം കിട്ടും.

കുപ്പി ഒന്നിനു ക. ൪-൮-൦.

## പ്രമേഹ സംഹാരി.

ഈ മരുന്നു ആറു മാസം ഉപയോഗിച്ചാൽ എത്ര പഴകിയ പ്രമേഹവും പൂൎണ്ണ സുഖമാകുന്നതാണ്.

ഒരു കുപ്പിക്കു വില ക. ൪-൧൨-൦.

വാതഹാരി എല്ലാതരം വേദനകൾക്കും വാതത്തിനും വിശേഷമാണ്. പോഷകകരമായ വീൎയ്യ: അഗ്നിമാന്ദ്യം, ശിരസ്സ്തോദം, ബലക്ഷയം, ഭ്രമം മുതലായ സുഖക്കേടുകൾക്കു പ്രസിദ്ധിപ്പെട്ടതു. ജ്വരഹാരി: മലമ്പനിക്കും മലബന്ധത്തിനും ഉപയോഗിക്കേണ്ടതു. 'എമ്മിന' എല്ലാ ത്വഗ്രോഗങ്ങളും വേഗത്തിൽ സുഖമാക്കും. വിഷൂചിക, വയറുകടി, ഉഷ്ണപ്പുണ്ണു മുതലായ രോഗങ്ങൾക്കുള്ള സിദ്ധൌഷധങ്ങളും തയ്യാറുണ്ടു. ഈ ഔഷധങ്ങളുടെ ഫലസിദ്ധിയെപ്പററി വൈദ്യന്മാരുടെ അനവധി സൎട്ടിഫിക്കേററുകൾ കിട്ടീട്ടുണ്ടു.

**പെരേര ആൻഡ് കമ്പനി, കെമിസ്റ്റസ്,**

**നമ്പ്ര് ൧൧, കോഴിക്കോട്ട്, മലബാർ.**




# പ്രസിദ്ധ ഔഷധങ്ങൾ.

## Malariana മലേറിയാനാ.

ഈ കീർത്തിപ്പെട്ട ഔഷധം മലമ്പനി, വിറപ്പനി, ശീതപ്പനി, ഒന്നരാടൻപനി. മുറപ്പനി മുതലായ എല്ലാവിധ പനികളെ മാറ്റുകയും, പ്ലീഹോദരം എന്ന വയററിൽ ഉണ്ടാകുന്ന വീക്കത്തെ ഉരുക്കിക്കളഞ്ഞു സമ്പൂർണ്ണസുഖത്തെ നല്കുകയും ചെയ്യുന്നതിനു ഇതു ഒരു പ്രസിദ്ധ ഔഷധമാണെന്നു എല്ലാവരും അറിഞ്ഞിരിക്കേണ്ടുന്നതാകുന്നു. വില 8 ഔൺസിനു 1 ക. 8 ണ; 1 ഡജനു 16 ക. 8 ണ; 4 ഔൺസിനു 14 ണ; 1 ഡജനു 9 ക. 12 ണ;

**SYRUP SARSAMOGA.** രക്തശുദ്ധീകര ഔഷധം.

ശരീരം മുഴുവനും ചൊറി, ചിരങ്ങ്, കുരു, വ്രണം, വീക്കം മുതലായ രക്തദുഷ്ടതയാലുണ്ടാകുന്ന സർവ്വപീഡകളെയും ഗുണപ്പെടുത്തി, ശരീരത്തെ കാന്തിയും, ശോഭയുമുള്ള സുവർണ്ണമയമാക്കുവാൻ ശക്തിയുള്ള ഒരു പ്രാണസ്നേഹിതനാണ് സിറപ്പ് സർസ്സ അമോഗ. വില 8 ഔൺസിനു 3 ക. 8 ണ. ചെറിയ കുപ്പി 1 ക്കു 1 ക. 14 ണ.

**BABYTONE.** ഗ്രഹണിഅന്തക.

ഗ്രഹണി എന്ന ദീനത്താലോ ജീർണ്ണകോശക്രമക്കേടു കൊണ്ടോ ശരീരം മെലിഞ്ഞു എല്ലും തോലും മാത്രം ഉള്ള കുട്ടികളെ ബേബിടോൺ എന്ന ഔഷധപ്രയോഗത്താൽ ക്ഷണത്തിൽ കൈകാലുകൾക്കും, ഞരമ്പുകൾക്കും രക്തചലനവും ശക്തിയും വരുത്തി ദേഹം കാത്തുരക്ഷിക്കുന്നവളായ ഉത്തമ മാതാവത്രെ. വില 4 ഔൺസിനു 1 ക. 4 ണ.

**EAR OIL.** ചെവി ചോരുന്നതിനു.

ചെവിട്ടിൽ വേദനയുണ്ടായി ചെവിടുകളായ്ക, ചെവിയിൽനിന്നു ചലംവാരുക, നാററം പുറപ്പെടുക എന്നിങ്ങനെ പലതരമുള്ള ദീനങ്ങളെയും ഇയർആയിൽ എന്ന എണ്ണ സുഖപ്പെടുത്തുന്നതാകുന്നു. വില ½ ഔൺസിനു 8 ണ; 1 ഔൺസിനു 14 ണ.

**SYRUP CARDUS.** പിത്തഹരൌഷധം.

ഉറക്കമില്ലായ്മ, തലതിരിച്ചൽ, പിത്തം ഛർദ്ദിക്കൽ, കൈകാൽതളച്ച്, ശരീരം കുഴയുക, മലമൂത്രങ്ങളുടെ അക്രമം, നെഞ്ഞുനീറൽ ഇവയെല്ലാം ഗുപ്തഹിംസകന്റെ പീഡകളല്ലയോ? എന്നാൽ ഈ സിരപ്പ് കരള് ഗ്രന്ഥൻ എന്നവയുടെ എല്ലാ കേടുകളെയും നിരാകരിച്ചു ശരീരത്തിനു പുഷ്ടിയും ആരോഗ്യവും വർദ്ധിപ്പിക്കുന്ന ഒരു മിത്രമാണെന്നതിനു സംശയമില്ല. വില 8 ഔൺസിനു 3ക. 8ണ. ചെറിയ കുപ്പി 1ക്കു 1ക. 14ണ.

**RINGWORM BALM.** ത്വക്‌രോഗത്തിനു

ശരീരത്തിന്റെ നാനാഭാഗങ്ങളിലും വ്യാപിച്ചിരിക്കുന്ന പുഴുക്കടി, തഴുതണം, വരട്ടുചൊറി, ചിരങ്ങ്, വ്രണം, ചുണങ്ങ് എന്നിവയെ ക്ഷണത്തിൽ സുഖപ്പെടുത്തും. വില ഡബ്ബി 1 നു 5 ണ; 1 ഡജനു 3 ക.

ചികിത്സാസംബന്ധമായ പുസ്തകം സൌജന്യമായി ആവശ്യക്കാർക്കു അയച്ചുകൊടുക്കുന്നതാണ്. ഇതിനുപുറമെ ഹോമിയോപ്പതിയും ടിഷ്യൂമരുന്നുകളും ആവശ്യംപോലുണ്ട്.

THE MALARIANA Co.
8 Hampankatta,
Mangalore S. K.

ദി മലേറിയാനാ കമ്പനി,
8 ഹംപൻകട്ട,
മംഗലാപുരം.

Reg. No. C. 130.

൧൧൦൯ ഇടവം. - മിഥുനം. ജൂൺ ൧൯൩൪.

| | | | | |
|---|---|---|---|---|
| ൧൯ | 1 | വെ. | വി. | പംഫിലസ്. |
| ൨൦ | 2 | ശ. | വി. | മർച്ചെലിനസ്. |
| ൨൧ | 3 | ഞാ: | ✠ | **വി. ഫ്രാൻസീസ്.** |
| ൨൨ | 4 | തി. | വി. | ഫ്രാംസീസ്കാ. |
| ൨൩ | 5 | ചൊ. | വി. | ബൊനിഫാ. മെ |
| ൨൪ | 6 | ബു. | വി. | നോർബെട്ട്. |
| ൨൫ | 7 | വ്യാം | ഭാ. | ബത്തല്യ. അന്ന. |
| ൨൬ | 8 | വെ. | ന. | ക. തിരുഹൃദയം. |
| ൨൭ | 9 | ശ. | വി. | മാക്സിമിൻ. |
| ൨൮ | 10 | ഞാ. | ✠ | **വി. റിച്ചാർഡ്.** |
| ൨൯ | 11 | തി. | വി. | ബർന്നവാ ശ്ലീഹാ. |
| ● | 12 | ചൊ | വി. | യോഹ. പക്കുന്തസ്. |
| ൩൧ | 13 | ബു. | വി. | അന്തോനി പാദുവാ. |
| ൩൨ | 14 | വ്യാ. | വി. | ബസേലീസ്. |
| ൧ | 15 | വെ. | വി. | വിത്താസും കൂട്ടരും. |
| ൨ | 16 | ശ. | വി. | ഫെറയോൽ രക്തസാക്ഷി. |
| ൩ | 17 | ഞാ. | ✠ | **വി. മൊൻതാനസ്.** |
| ൪ | 18 | തി. | വി. | അപ്രേം. |
| ൫ | 19 | ചൊ. | വി. | ഗർവാസി. പ്രോത്താസി. |
| ൬ | 20 | ബു. | വി. | സിൽവേരി. പാ. |
| ൭ | 21 | വ്യാ. | വി. | ലൂയീസ് ഗോൺ. |
| ൮ | 22 | വെ: | വി. | പൌലിനോസ് മെ. |
| ൯ | 23 | ശ. | വി. | ഏതൽറെഡാ. |
| ൧൦ | 24 | ഞാ. | ✠ | **യോ. മാംദാ. പിറവി.** |
| ൧൧ | 25 | തി. | വി. | വില്യം. |
| ൧൨ | 26 | ചൊ. | വി. | യോഹന്നാ. പൌലോ. |
| ○ | 27 | ബു | വി. | ലദിസ്ലാസ്. |
| ൧൪ | 28 | വ്യാ. | വി. | ലെഓൻപാപ്പാ. |
| ൧൫ | 29 | വെ. | ✠ | **വി. പത്രോ പൌലോ.** |
| ൧൬ | 30 | ശ. | വി. | പൌലോസ്. |

✠ എല്ലാവർക്കും കടമുള്ള ദിവസം.

Printed at the "Little Flower" Press and published by Fr. Anastasius T. O. C. D
THEVARA, ERNAKULAM, S. INDIA,